2021 ജനവരി

# ഗ്രാമിക

ത്രൈമാസിക



# വായനശാല പ്രതിമാസപരിപാടികളിലൂടെ 2019-20



പരിസ്ഥിതി ദിനാചരണം



പരിസ്ഥിതി ദിനാചരണം



കുപ്പയിലെ മാണിക്യം



കുപ്പയിലെ മാണിക്യം



എസ്. എസ്. എൽ. സി, +2 അനുമോദനം



പുസ്തക ചർച്ച



വയലോർമ്മകൾ



വനിതകൾക്ക് വലയസൂര്യഗ്രഹണ ക്ലാസ്സ്

ഗ്രാമിക
ത്രൈമാസിക



# അക്ഷരങ്ങളെന്ന തണൽ മരങ്ങൾ

പൊതുജനവായനശാല & ഗ്രന്ഥാലയം, ചെമ്മരവയലിന്റെ കീഴിലുള്ള സാഹിത്യ ക്ളബ്ബിന്റെ പ്രസിദ്ധീകരണമാണ് 'ഗ്രാമിക'. ത്രൈമാസികയായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഗ്രാമികയുടെ ആദ്യ ലക്കം നിറഞ്ഞ സന്തോഷത്തോടെയും അഭിമാനത്തോടെയും എല്ലാവർക്കുമായി സമർപ്പിക്കുകയാണ്.

നമ്മുടെ നാട്ടിൽ വായനാശീലവും സാഹിത്യാഭിരുചിയും വൈവിധ്യമാർന്ന സർഗ്ഗശേഷികളുമുള്ള ധാരാളം പേരുണ്ട്. പ്രബുദ്ധമായ അത്തരം ശേഷികൾക്ക് എന്തുകൊണ്ടോ വേണ്ടത്ര വെളിച്ചമോ തെളിച്ചമോ പോഷണമോ കിട്ടാറില്ല. ഇതൊക്കെ നിർഭാഗ്യകരമായ കാര്യങ്ങളാണ്. ആത്മപ്രകാശത്തിന് വഴികളന്വേ ഷിക്കുന്ന വ്യഥിതമനസ്സുകൾക്ക് പ്രചോദനമോ സാന്ത്വനമോ നല്കാൻ ഗ്രാമിക കൂടെയുണ്ടാകും.

നാഗരികവത്കരണത്തിന് ഗതിവേഗം കൂടുന്ന ഇക്കാലത്ത് തദനുസൃതമായി ഗ്രാമീണതയുടെ പ്രാന്തവത്കരണത്തിനും ശക്തി കൂടുകയാണ്. ഗ്രാമശ്രീ മാഞ്ഞുമറഞ്ഞു പോകുകയും ഗ്രാമ്യം സംസ്കാരശൂന്യമെന്ന അർത്ഥ തലത്തിലേക്ക് തെന്നിവീഴുകയും ചെയ്യുന്നു. നാഗരികരുടെ കൂട്ടത്തിൽ ഗ്രാമികർക്ക് സമാഭാവന കിട്ടാറില്ലെന്നത് ലിഖിത നിയമങ്ങളുടെ പിന്നാമ്പുറ സത്യങ്ങളാണ്. ഇങ്ങനെയുള്ള ഒരുപാട് സത്യങ്ങൾ ഇരുട്ടിനെ ഭേദിച്ച് വെളിച്ചത്തിലെക്കു വരാൻ വെമ്പൽ കൊള്ളുന്നുണ്ട്. എല്ലാത്തരം വെമ്പലുകളും സംഘർങ്ങളും അനർഘങ്ങളാണ്. കാരണം എല്ലാ കലകളുടെയും ബീജവും ഊർജ്ജവും വെമ്പലുകളും സംഘർങ്ങളുമാണ്.

ഞാൻ കണ്ടിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ കവിത മരമാണെന്ന് വിശ്വകവി രവീന്ദ്രനാഥ ടാഗോർ പറഞ്ഞിട്ടുണ്ട്. കവിത നിറഞ്ഞു തുളുമ്പുന്ന മരച്ചുവട്ടിൽ സുമനസ്സുകളുടെ സർഗ്ഗ സാദ്ധ്യത അതിരുകളില്ലാത്തതാണ്. അതുപോലെ ഗ്രാമിക അക്ഷരങ്ങളുടെ ഒരു തണൽ മരം ഒരുക്കുകയാണ്. സംഘർഷ മനസ്സുകൾക്ക് ഈതണൽമരച്ചോട്ടിൽഒന്നിക്കാം...സല്ലപിക്കാം...അല്പനേരമെ ങ്കിലുംഎല്ലാംമറന്ന്ഊയലാടാം.അപ്പോൾ നമ്മുടെമനസ്സുതന്നെയും ഒരു പൂമരമാകും! 'ഗ്രാമിക' പൂത്തുലഞ്ഞു!!

പത്രാധിപർ




2021 ജനവരി

**പത്രാധിപർ :**
എം. ലക്ഷ്മണൻ മാസ്റ്റർ

**പത്രാധിപ സമിതി :**
വിഷ്ണുപ്രസാദ്
വിപിൻ ടി.
തുഷാര എം.
അഭിലാഷ് വി. വി.
അശ്വതി ശങ്കർ

**ഡി.ടി.പി., ലെഔട്ട് & ഗ്രാഫിക്സ് :**
എം. ലക്ഷ്മണൻ മാസ്റ്റർ

**പ്രസിദ്ധീകരണം**

പൊതുജന വായനശാല &
ഗ്രന്ഥാലയംഎച്ചമ്മരവയൽ

e.mail : 13knr5707@gmail.com

# ഉള്ളടക്കം


## കവിത

17



അവൾ പറഞ്ഞത്
ശാലിനി സുജിത്ത്

32




ഏറ്റവും ലളിതമായ ദു:ഖങ്ങളെ പ്രതി :
തുഷാര എം.

35



ആത്മാവിനോട്
രമ്യ രഞ്ജിത്ത്

42




ഒരു മഴത്തുള്ളി
ദിയ യു.

47



മഹാമാരി
ദിഷാൽ യു.

# ഉള്ളടക്കം


52  CRUCIFIXION
Sreelakshmi Sasidharan


55  ഒട്ടര
വിഷ്ണുപ്രസാദ്


## ലേഖനം


**ധാരാവി**
കോവിഡ് പ്രതിരോധത്തിൽ ലോകത്തിന് മാതൃക 9
നാരായണൻ കെ.




നൊബേൽ നേട്ടത്തിലും
**പെൺ കരുത്ത്** 39
ഗൗതം സുജിത്ത്



കൊറോണ നൽകുന്നത് 45
**കരുതലിന്റെ ജീവിത പാഠം**
അമൃത വിജയൻ



49 
കൊറോണാനന്തര
**ലോകം**
ശ്രീദർശന


# ഉള്ളടക്കം


## കഥ


13  മഞ്ഞ രാത്രി — വിഷ്ണു പ്രസാദ്


29  അന്തസ്സ് — സി. എം. സുജിത്ത് കുമാർ

സർഗ്ഗ കലാപം — അശ്വതി ശങ്കർ  36

ഞാൻ — ലീന സുകുമാർ  43

48  യക്ഷി — വിസ്മയ സജിത്ത്


## മറ്റു പംക്തികൾ


19 
കോവിഡ്കാല അനുഭവക്കുറിപ്പ്
കോവിഡ് കാലം എന്നെ പഠിപ്പിച്ചത് — ലിജി കെ. പി.

22 
കൃഷി
വയലറിവുകൾ — എം. ഗോവിന്ദൻ

33
കോവിഡ്കാല അനുഭവക്കുറിപ്പ്
കുഞ്ഞുവൈറസിന്റെ വല്ല്യ വികൃതികൾ — ഉഷ രാജീവൻ പി.

2021 ജനവരി
ഗ്രാമിക
ത്രൈമാസിക



**ശ്രീമതി കെ. രതി**
പ്രസിഡണ്ട്,
കണ്ണപുരം ഗ്രാമപഞ്ചായത്ത്

# ആശംസ

പൊതുജന വായനശാല & ഗ്രന്ഥാലയം, ചെമ്മരവയലിൽ പ്രവർത്തിക്കുന്ന സാഹിത്യ ക്ലബ്ബ് ഗ്രാമിക എന്ന പേരിൽ ത്രൈമാസിക പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ വളരെയധികം സന്തോഷിക്കുന്നു. നമ്മുടെ നാട്ടിലെ കുട്ടികളും മുതിർന്നവരുമായ എല്ലാവിഭാഗം ജനങ്ങളുടെയും സാഹിത്യാഭിരുചിയും കലാവാസനകളും വളർത്തുന്നതിനും പരസ്പരം പങ്കുവെക്കുന്നതിനും 'ഗ്രാമിക' ഒരുത്തമ വേദിയായി മാറുമെന്ന് പ്രത്യാശിക്കുന്നു. എല്ലാവിധ വിജയവും ആശംസിക്കുന്നു.

കണ്ണപുരം,
10.01.2021.

സ്നേഹപൂർവ്വം,
(ഒപ്പ്)
കെ. രതി

2021 ജനവരി
ഗ്രാമിക
ത്രൈമാസിക



**സ: കെ. വി. ശ്രീധരൻ**
സിക്രട്ടറി,
പുരോഗമന കാലാസാഹിത്യ സംഘം
പാപ്പിനിശ്ശേരി ഏരിയാ കമ്മിറ്റി.

## ആശംസ

തികച്ചും അഭിമാനം തോന്നുന്ന ഒരു സംരംഭമാണ് പൊതുജന വായനശാല & ഗ്രന്ഥാലയം ഏറ്റെടുത്തിട്ടുള്ളത്. എഴുത്തുകാരെ കണ്ടെത്താനും അവരെ പ്രോത്സാഹിപ്പിക്കാനും വായനശാല നടത്തുന്ന ശ്രമങ്ങൾ അഭിനന്ദനാർഹമാണ്. എഴുത്തുകാർക്കൊപ്പം വായനക്കാരും വളരേണ്ടതുണ്ട്. എന്തെഴുതണം, എന്ത് വായിക്കണം എന്നത് ഗൗരവമുള്ള കാര്യം തന്നെയാണ്. ഇതിലേക്ക് വഴി തുറന്നുവിടാനുള്ള വായനശാലയുടെ ശ്രമം തുടർന്നും ഉണ്ടാവട്ടെ എന്ന് ആഗ്രഹിക്കുന്നു. 'ഗ്രാമിക'യ്ക്ക് ഒരിക്കൽക്കൂടി എല്ലാ ഭാവുകങ്ങളും.

കണ്ണപുരം,
08.01.2021.

അഭിവാദ്യങ്ങളോടെ.
(ഒപ്പ്)
കെ. വി. ശ്രീധരൻ

ലേഖനം

നാരായണൻ കെ



# ധാരാവി
## കോവിഡ് പ്രതിരോധത്തിൽ ലോകത്തിന് മാതൃക

### ധാരാവിയുടെ രേഖാചിത്രം

മുംബൈ മഹാനഗരത്തിന്റെ ഏതാണ്ട് മധ്യത്തിലാണ്ധാരാവിനഗരംസ്ഥിതിചെയ്യുന്നത്. ഇവിടെ നിന്ന് മുംബൈയുടെ ഏതു ഭാഗത്തേക്കും ബന്ധപ്പെടാൻ എളുപ്പമാണ്.2.4ചതുരശ്രകിലോമീറ്ററാണ്ധാരാവിയുടെ വിസ്തൃതി. ഈ ചെറിയ പ്രദേശത്ത് 8.5 ലക്ഷം ജനങ്ങൾ താമസിക്കുന്നു.ചതുരശ്രകിലോമീറ്ററിൽ 345000 ആണ്ജനസാന്ദ്രത.അതായത് ലോകത്ത് ഏറ്റവുംജനസാന്ദ്രതയുള്ള അഞ്ച് നഗരങ്ങളിലൊന്നാണ് ധാരാവി.

ടിൻഷീറ്റുകൾ കൊണ്ട് കെട്ടിയുണ്ടാക്കിയ വീടുകളാണ് അധികവും. കോൺക്രീറ്റ് വീടുകൾ വിരളമാണ്. ഒരു അടുക്കള ഒരു മുറി - ഇതാണ് വീടിന്റെ ഘടന. ആറിൽ ഒരു വീട് ഇത്തരത്തിലാണ്. 10 ചതുരശ്രഅടി വിസ്താരമുള്ള മുറിയിൽ 8-10 പേർ താമസിക്കുന്നുണ്ടാകും. ഒരു വീടിന് ഒരു കക്കൂസ് എന്ന സങ്കല്പം അവിടെയില്ല. മുനിസിപ്പാലിറ്റി നിർമ്മിച്ച പബ്ളിക് കമ്മ്യൂണിറ്റി ടോയിലറ്റുകളാണുള്ളത്. 8.5 ലക്ഷം ആളുകൾക്ക്225കമ്മ്യൂണിറ്റിടോയിലറ്റുകൾ .70%ആളുകളുംഇതിനെയാണ്ആശ്രയിക്കുന്നത്.ദിവസംശരാശരി 400ആളുകൾ ഉപയോഗിക്കുന്ന ടോയ്ലറ്റുകളുമുണ്ട്!.രാവിലെയായാൽടോയ്ലറ്റുകൾക്കു മുമ്പിൽ വളരെ നീണ്ട നിരയാണ് കാണുക.

വീടുകൾ ക്കിടയിലൂടെ വീതി നന്നേ കുറഞ്ഞ ഇടവഴികൾ കടന്നുപോകുന്നുണ്ടായിരിക്കും. ഈ വഴിയിലൂടെ



ധാരാവി



ധാരാവിയിലെ ഒരു എംബ്രോയിഡറി യൂണിറ്റ്

ഒരാൾക്കും പരസ്പരം മുട്ടാതെ നടന്നുപോകാനാവില്ല. വീടുകൾക്കു മുമ്പിൽ തുറന്ന ഓടകളും കാണാം. അതിലൂടെ മലിനജലം ഒഴുകുന്നുണ്ടാകും. മഴക്കാലമായാൽ പ്രദേശം മലിനജലത്തിനടിയിലാകും. വീടിനകത്തുപോലും ഈ വെള്ളം നിറഞ്ഞിരിക്കും. ദുർഗന്ധം എന്നൊന്ന് അവർക്കറിയില്ല. ചിക്കൻപോക്സ്, മലേറിയ, മഞ്ഞപ്പിത്തം തുടങ്ങിയ പകർച്ചവ്യാധികൾ എല്ലാ വർഷവും പിടിപെടാറുണ്ട്.എല്ലാവരുംഏതെങ്കിലുമൊരുപകർച്ചവ്യാധിപിടിപെട്ടവരായിരിക്കുംഎന്നാൽമരണംവളരെകുറവായിരിക്കും.വീടുകൾക്കിടയിൽശരാശരി50മീറ്റർഎന്നതോതിൽസ്വകാര്യക്ളിനിക്കുകൾ കാണും. ചികിത്സയ്ക്ക് അവിടെയാണ് ആശ്രയം.ധാരാവിഇന്ന്അറിയപ്പെടുന്നത്ഏഷ്യയിലെഏറ്റവുംവലിയചേരിപ്രദേശം എന്നാണ്.

ധാരാവിയിൽഇന്ത്യയിലെമിക്കവാറും എല്ലാസംസ്ഥാനങ്ങളിൽനിന്നുമുള്ളആളുകെളെകാണാം. തൊഴിൽ തേടിയാണ് അവർഅവിടെഎത്തുന്നത്.തൊഴിലില്ലാത്തഒരാളുംധാരാവിയിലില്ല. തുകൽകൊണ്ടുള്ള പലതരം ഉല്പന്നനിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, സാരിയിലുള്ള ജെറി വർക്സ്, പലതരം പാത്രനിർമ്മാണം തുടങ്ങിയവയാണ് പ്രധാന തൊഴിലുകൾ. റീസൈക്ളിങ് വ്യവസായമാണ്മറ്റൊരുപ്രധാനതൊഴിൽ മേഖല. ഈ രംഗത്ത് 2.5 ലക്ഷംപേർ ജോലിചെയ്യുന്നുണ്ടെന്നാണ്കണക്ക്. എല്ലാവരുംതൊഴിൽ വിദഗ്ദ്ധരാണ്. മിക്കവീടും ഏതെങ്കിലും തൊഴിൽ കേന്ദ്രം കൂടിയായിരിക്കും. 15,000 ഒറ്റ മുറി ഫാക്ടറി ഇവിടെയുണ്ട്. 5,000 GST റജിസ്ട്രേഡ് സംരംഭങ്ങളുമുണ്ട്. ഉല്പന്നങ്ങളെല്ലാം കയറ്റുമതി ചെയ്യ



ധാരാവി ഉൽപ്പന്നങ്ങൾ

പ്പെടുന്നു. വൻകിടകമ്പനിയുമായുള്ള കരാറടിസ്ഥാനത്തിലാണ് തൊഴിൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. അവരുടെഉല്പന്നങ്ങൾവ്യക്തിപരമായി കച്ചവടം ചെയ്യുന്നില്ല. അതിനാൽ മറ്റുള്ളവർക്ക് അവിടെപോയി ധാരാവി ഉല്പന്നങ്ങൾ വാങ്ങാൻ കഴിയുകയില്ല. തൊഴിൽചെയ്ത് വലിയ വരുമാനം ഉണ്ടാക്കാൻ കഴിയില്ലെങ്കിലും ഒരുവിധം സുഖമായിജീവിച്ചുപോകാം.യാചകരും പോക്കറ്റടിക്കാരും ക്രിമിനലുകളും ഇവിടെയില്ല. സാമൂഹികൈക്യത്തോടെ സാമാധാനപ്രിയരായിജീവിക്കുന്നവരാണ് ധാരാവികൾ.

ധാരാവിയുടെ മറ്റൊരു പ്രത്യേകത പുറമേ നിന്നുള്ള ഒരാൾ അവിടെ പോകാറില്ലെന്നതാണ്. പരിചയമില്ലാത്ത ഒരാൾഅകത്ത്പ്രവേശിച്ചാൽപുറത്തുപോകാൻ കഴിയാതെ ഊടുവഴികളിൽ ചുറ്റിത്തിരിയേണ്ടി വരും. ഒരു ഗൈഡിന്റെ സഹായമുണ്ടെങ്കിലേ പുറത്തേക്കുപോകാൻ കഴിയൂ.





## ധാരാവി മിഷൻ

ഏപ്രിൽ 1-ന് ധാരാവിയിൽ ആദ്യത്തെ കോവിഡ് കേസും മരണവും റിപ്പോർട്ട് ചെയ്യപ്പെട്ടു. ധാരാവി മാത്രമല്ലഇന്ത്യയാകെനടുങ്ങിയസംഭവമാണിത്.കാരണം ഈമഹാമാരിക്ക്ജനങ്ങൾതിങ്ങിപ്പാർക്കുന്നധാരാവിയെശ്മശാനഭൂമിയാക്കാൻ ഏതാനും ദിവസങ്ങൾകൊണ്ട് കഴിയും. കോവിഡ് പ്രതിരോധത്തിന് ഏറ്റവുപ്രധാനംസാമൂഹികഅകലമാണ് .ധാരാവിയെസംബന്ധിച്ച്അത്അസാധ്യമാണ്.മുനിസിപ്പൽകമ്മീഷണറായ ശ്രീ പ്രവീൺപർദേസിയുടെവാക്കുകൾശ്രദ്ധിക്കുക“ധാരാവിയുടെഏറ്റവുംവലിയ വെല്ലുവിളിജനപ്പെരുപ്പം, ഉയർന്ന ജനസാന്ദ്രത, ചെറിയ വീടുകൾ, കമ്മ്യൂണിറ്റിടോയ്‌ലറ്റുകൾഎന്നിവയാണ്”.വരാൻപോകുന്നദുരന്തത്തെക്കുറിച്ച്നന്നായിബോധ്യമുള്ളതുകൊണ്ട് ഈ വെല്ലുവിളികൾ ധാരാവി ജനത സ്വയം ഏറ്റെടുത്തു. കോവിഡിനെ നേരിടാൻ'ധാരാവിമിഷൻ' പ്രഖ്യാപിച്ചു.

ധാരാവി മിഷന്റെ പ്രത്യേകത ഏറ്റവും സംഘടിതമായസാമൂഹ്യപങ്കാളിത്തമാണ്. നിയന്ത്രണങ്ങൾ ജനങ്ങൾ സ്വയം പാലിച്ചു. ഒരാളുപോലും പുറത്തിറങ്ങിയില്ല. ഇടവഴികൾ ശൂന്യമായി കാണപ്പെട്ടു. മുംബൈ നഗരത്തിൽ



WHO Director General Dr. Tedros Adhanom Ghebreyesus said that these were many examples from around the world that have shown that even if the outbreak is very intense, it can still be brought back under control and some of these examples are Italy, Spain, and South Korea, and even in Dharavi – a densely packed area in the megacity of Mumbai. He also stressed the importance of leadership, community participation and collective solidarity to control the virus.

മറ്റൊരിടത്തുംഇങ്ങിനെയൊരുദൃശ്യംഉണ്ടായിരുന്നില്ല. പ്രദേശത്തെ 48 കൺടൈൻമെന്റ് സോണുകളായിത്തിരിച്ച് ധാരാവി മൊത്തംസ്വയംക്വാറന്റൈൻ ചെയ്യപ്പെട്ടു. ഈ അവസ്ഥയിൽ ലക്ഷക്കണക്കിനുവരുന്ന ജനങ്ങൾക്ക് ഭക്ഷമെത്തിച്ചുകൊടുക്കുകയെന്നതു തന്നെ വലിയ പ്രശ്നമായി മാറി. എങ്കിലുംഅത്കൃത്യമായിനിർവ്വഹിക്കെപ്പട്ടു. കമ്മ്യൂണിറ്റികിച്ചണിലൂടെയും മറ്റുമായിദിവസവും19,000ഭക്ഷണപ്പൊതികൾ സൗജന്യമായി വിതരണംചെയ്തു.സന്നദ്ധപ്രവർത്തകരുടെ വലിയ സൈന്യം രൂപീകരിച്ചു. ഇവരെ 'കോവിഡ്യോദ്ധാ'ക്കളായി ചുമതലപ്പെടുത്തി. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ പൂർണ്ണചുമതല ഇവർക്കു നല്കി. വളരെ പെട്ടെന്നു തന്നെ പ്രാഥമികപരിശോധനകൾ സംഘടിപ്പിച്ചു.ഇതിനായി ഡോക്ടർമാരും എല്ലാ സ്വകാര്യ ക്ളിനിക്കുകളും ഉംർന്നു പ്രവർത്തിച്ചു. ചുരുങ്ങിയ ദിവസം കൊണ്ട് 4750 വീടുകളിൽ പരിശോധന നടത്തി. ഡോക്ടർമാർ ഉൾപ്പെടെവീടുവീടാന്തരംകയറിയിറങ്ങിക്കൊണ്ടാണ് സ്ക്രീനിങ് ചെയ്തത്. 6-7 ലക്ഷം പേരെ സ്ക്രീൻ ചെയ്തു. മൊബൈൽ വാൻ വഴി 15,000 പേരെ സ്ക്രീൻ ചെയ്തു. 14,000 പേരെ ടെസ്റ്റിനു വിധേയമാക്കി. എല്ലാ ദിവസവും 'Fever Camp' സംഘടിപ്പിച്ചു. 8246 വയോജനങ്ങളെ വളരെ വേഗത്തിൽതന്നെ സർവ്വെ നടത്തി. കമ്മ്യൂണിറ്റി ടോയ്ലറ്റുകൾ ദിവസം പല പ്രാവശ്യം സാനിറ്റൈസ് ചെയ്തു. രോഗലക്ഷണം കാണിച്ച 90% പേരെ ധാരാവിയിൽ തന്നെ കിടത്തി ചികിത്സിച്ചു. 13,000 പേരെ മാത്രമാണ് ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ ചെയ്തത്. ഗുരുതരമായി രോഗം ബാധിച്ച 2359 രോഗികളിൽ 1952 പേരും ഭേദപ്പെട്ടു. ഒടുവിലത്തെ കണക്കു

**ബാക്കി പേജ് 31 – ൽ**

കഥ

വിഷ്ണു പ്രസാദ്



# മഞ്ഞ രാത്രി

**കാ**ർമേഘാവൃതമായ ഒരു മഞ്ഞുള്ള രാത്രി. അന്നുണ്ടായിരുന്ന ഹർത്താൽ കാരണംരാത്രികാലത്തുംപ്രവർത്തിക്കുമായിരുന്ന വഴിയോര തട്ടുകടകളെല്ലാം അടച്ചിട്ടിരിക്കുകയായിരുന്നു.ഡൽഹിയിൽ വച്ച് നടന്ന ഒരു യോഗത്തിൽ പങ്കെടുത്ത്നാട്ടിലേക്ക്വരുകയായിരുന്ന പ്രകാശ് അന്ന് രാത്രിയാണ് സ്റ്റേഷനിൽ വണ്ടിയിറങ്ങുന്നത്. രാത്രിയാത്രക്കാരെപ്രതീക്ഷിച്ച്നിൽക്കുന്ന ഓട്ടോക്കാരെപ്രതീക്ഷിച്ച പ്രകാശിന് തെറ്റി. അന്ന് അവിടം ശാന്തമായിരുന്നു. തീവിയുടെ കാഹള ശബ്ദവും വണ്ടി ഇറങ്ങിയവരുടെ ഗൃഹാതുരതയും മാത്രം.

ആ പാതിരാത്രി ആരേയും വിളിച്ച് ബുദ്ധിമുട്ടിക്കില്ല എന്ന നിർബന്ധത്തിന് വഴങ്ങി അയാൾനടക്കാൻതീരുമാനിച്ചു. നാട്ടിലെ തട്ടുകടയിൽ കയറി കപ്പയും ബീഫുമൊക്കെ കഴിച്ച് വീട്ടിലേക്ക് പോകാം എന്ന് കരുതിയത് അയാൾക്ക് വിനയായി. ഒന്നും തുറന്നിട്ടില്ല. നല്ല വിശപ്പുണ്ട്. തിരികെ സ്റ്റേഷനിലേക്ക് നടക്കാൻഅയാൾമടിച്ചു.അവിടെയെത്തിയാൽ ഈ രാത്രി ഒരുപക്ഷെ, ചായയും ചെറുകടിയും കിട്ടാൻ സാധ്യതയുണ്ട്. എന്നാലും വിശപ്പിനെ തിന്ന് വീട്ടിലെത്താനുള്ള നടപ്പോർജ്ജം പ്രകാശിനുണ്ട്.

പ്രകാശ് കാല് നീട്ടിവച്ച് നടന്നു. നഗരത്തിലെമഞ്ഞവെളിച്ചംഅകലെയായി. വണ്ടികളൊഴിഞ്ഞ പ്രധാന പാതയിലൂടെ അവൻ നടന്നു. ഏതാണ്ട് നഗരം വിട്ടുള്ള ആദ്യ പെട്രോൾ പമ്പ് എത്താറായപ്പോൾ പുറകിൽ നിന്നൊരുവിളി.പ്രകാശ്തിരിഞ്ഞുനോക്കി. അവന്റെയുള്ളിൽ ഒരു വെള്ളിടി വെട്ടി. നടത്തത്തിന്റെ വേഗത കൂട്ടി. പമ്പുംകടന്ന്കുറച്ചുകൂടിമുന്നിലേക്കെത്തിയപ്പോൾ പുറകിൽ നിന്നും വീണ്ടുംആവിളിവന്നു.അടച്ചിട്ടിരിക്കുകയാണെങ്കിലും പമ്പിനു മുന്നിൽ ലൈറ്റ് തെളിഞ്ഞു നിൽക്കുന്നതിനാൽ ധൈര്യം സംഭരിച്ച് പ്രകാശ് കാത്തു നിന്നു. ഇരുട്ടിൽ നിന്നുംഒരുനിഴൽ അവൻ കണ്ടു.ഓരോനിമിഷം കഴിയുന്തോറും പ്രകാശിന്റെ മുഖം തെളിഞ്ഞു വന്നു. പുറകിൽ വന്ന ആ വ്യക്തിയെ പ്രകാശ് പൂർണ്ണമായും കണ്ടു. കയ്യിൽ ഒരു ചുകന്ന ബാഗും പിടിച്ച് ഒരു സ്ത്രീ. അവർഅടുത്തേക്ക്വന്നു.പ്രകാശ്അവരെ നോക്കി നിന്നു. സത്യം പറഞ്ഞാൽ, അപ്പോൾ അയാൾ ഇരുട്ടിലായതുകൊണ്ട് ആ സ്ത്രീ തന്നെ കാണില്ല എന്ന വിശ്വാസത്തിന്റെ പുറത്ത്, പ്രകാശ് ആ സ്ത്രീയെഅടിമുടിനോക്കി.കാപ്പിനിറത്തിൻഒരുചുരിദാറാണ്വേഷം.അത്യാവശ്യം നീളം. നെറ്റിയിൽ ഒരു ചെറിയ പൊട്ട്. നീളത്തിനൊത്ത തലി. ഒരു മുപ്പത്തിയഞ്ച് വയസ്സൊക്കെ കാണും.

“അതേ...ഞാൻ എത്ര നേരമായി പുറകേന്ന് വിളിക്കുന്നു. രാത്രി ഒറ്റയ്ക്കാ

യതുകൊണ്ടല്ലെ.'' അടുത്തെത്തിയതും ഏതോഅടുത്ത പരിചയക്കാരനോടെന്ന പോലെ ആ സ്ത്രീ പ്രകാശിനോട് സംസാരിച്ചു.

പ്രകാശിന് ചെറിയ ചെറിയ മറുപടികൾ മാത്രമാണ് ഉണ്ടായിരുന്നത്. മിക്കതും ചോദ്യത്തിനുള്ള ഉത്തരങ്ങൾ. ചോദിക്കാതെ തന്നെ അവരുടെ പേര് മൊഴി എന്നാണെന്നും അവർ പ്രകാശ് സഞ്ചരിച്ച അതേ വഴിയിൽ ഉണ്ടായിരുന്ന യാത്രക്കാരിയാണെന്നും പ്രകാശിനുമനസ്സിലായി.ഒരുഅപരിചിതയെ കൂടെ കൂട്ടി തീർത്തും മൗനിയായി അയാൾനടന്നു.പ്രകാശിന്റെ ഉള്ളിൽ ഏറെ ചിന്തകൾകുമിഞ്ഞുകൂടി. മൊഴിഎന്നസ്ത്രീയുടെ ഉത്തരവാദിത്വം ഇപ്പോൾതന്നിൽ നിക്ഷിപ്തമായിരിക്കുകയാണോ എന്ന ചിന്ത അയാളെ അലട്ടി.എന്നാൽ,പുറമെഒന്നുംപ്രകടിപ്പിക്കാതെഅയാൾതന്റെ മുപ്പതുവയസ്സുള്ള കാലുകൾ നീട്ടി വലിച്ചു നടന്നു.



“എന്തൊരു സ്പീഡാ. കുറച്ച് പതിയെ നടക്കാമോ?ഇങ്ങനെ പോയാൽ പകുതി ദൂരം ആകുമ്പോഴേക്കും എന്റെ കാല് കഴയ്ക്കും” മൊഴി പ്രകാശിനോട് ആവശ്യപ്പെട്ടു.

പ്രകാശ്നിർബന്ധപൂർവ്വം വേഗത കുറച്ചു. തന്നോട് ഒന്നും സംസാരിക്കാതെ മുന്നിൽ നടക്കുന്ന യുവാവിന് നേരെ ഒരു നിഗൂഢദൃഷ്ടി വച്ച്പുലർത്താനൊന്നും മൊഴി നിന്നില്ല. കാരണം, ആ കുറച്ചു നേരം കൊണ്ട് തന്നെ പ്രകാശ് എന്ന അയാളുടെ മനശ്ശാസ്ത്രം മൊഴി മനസ്സിലാക്കിയിരുന്നു.പ്രകാശ്ആണെങ്കിൽഅയാൾഇതുവരെഅഭിമുഖീകരിച്ചിട്ടില്ലാത്ത ഒരു രംഗത്തിലാണ് അഭിനയിച്ചുകൊണ്ടിരിക്കുന്നതും. ആ സ്ത്രീയുടെ ഉത്തരവാദിത്വമെന്ന ചിന്ത കൂടാതെ അയാളെ മറ്റു പല കര്യങ്ങളും അലട്ടി.തന്റെജീവിതത്തിൻതന്നിൽക്കവിഞ്ഞ് താൻ മറ്റൊന്നിനോടും ഉത്തരവാദിത്വം വച്ചു പുലർത്തില്ല എന്ന് വാശിയുള്ള ഒരു വ്യക്തിയാണ് പ്രകാശ്. ഒറ്റയ്ക്ക് യാത്ര ചെയ്യുക. ഒറ്റയ്ക്ക് ഭക്ഷണം കഴിക്കുക.വീട്ടിലാണെങ്കിൽആവുന്നത്രസമയവുംഒറ്റയ്ക്കിരിക്കാൻശ്രമിക്കുക. അങ്ങനെ അങ്ങനെ പല പല കല്പിത സ്വഭാവ സവിശേഷതകൾക്കും പാത്രമാണ് പ്രകാശ്.താൻട്രെയിനിൽ ഇരിക്കുമ്പോൾകണ്ട സിനിമയിലെ രംഗം പ്രകാശിനെ അപ്പോൾഒന്നലട്ടി. അതിൽ ഒരു സ്ത്രീയുംപുരുഷനുംരാത്രിഒരുഹൈവേയിൽ കുറച്ച് സദാചാര സംരക്ഷകരായ ക്രിമിനലുകളുടെകൂട്ടത്തിൽപ്പെട്ടുപോകുന്നു. അതേപോലെയെങ്ങാനും ലൈറ്റ് വച്ച വണ്ടി വന്ന് തന്നെയും തന്റെ കൂടെയുള്ള മൊഴിയെയും ഉപദ്രവിക്കുമോ എന്ന അനാവശ്യ ഭയം അയാളിൽ പടർന്നു. ശേഷം അയാൾ അയാളെത്തന്നെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു.

'നമ്മുടെ നാട്ടിൽ അങ്ങനെയൊന്നും സംഭവിക്കില്ല. അത് സിനിമയാണ്.'-

മനസ്സിൽ പലയാവർത്തി അയാൾ അത് പറഞ്ഞു.

അവരോട് സംസാരിക്കണമോ എന്ന ചിന്തയായി പിന്നീട്. പക്ഷേ, എന്ത് ചോദിക്കാം. താൻ തന്റെ പേര് പോലും മൊഴിയോട് പറഞ്ഞില്ല എന്നത് അയാൾ ഓർമ്മിച്ചു. തന്റെ പേര് ഇന്നതാണ് എന്ന് പറഞ്ഞ് സംസാരം തുടങ്ങണോ എന്നയാൾ ആലോചിച്ചു. പക്ഷേ, വേണ്ട. അവർ വല്ലതും ചോദിച്ചാൽ മറുപടി പറഞ്ഞാൽ മതി എന്ന് തീരുമാനിച്ചു. സത്യത്തിൽ, ഇരുട്ടിൽ എന്തുകൊണ്ടാണ് ആ സ്ത്രീ ഒരു സഹയാത്രികനെ തെരഞ്ഞെടുത്തത്?താൻഒറ്റയ്ക്ക് വീട്ടിലേക്ക് നടന്നു പോകുന്നതുപോലെ ആ സ്ത്രീ എന്തുകൊണ്ട്പോകാൻമടിക്കുന്നു ? തന്റെ പരിചയക്കാരുടെകൂട്ടത്തിൽ ആർക്കും മൊഴി എന്ന പേരില്ല. ആ പേരിൽ പ്രകാശ് ആദ്യം കണ്ടുമുട്ടുന്ന ഒരു വ്യക്തിയാണ് മൊഴി. പ്രകാശ് പരിചയപ്പെട്ടോ എന്നു ചോദിച്ചാൽ ഇല്ല. കാരണം, മൊഴി അവരുടെ ആവശ്യം പറഞ്ഞു. അതിന് ഒരുമറുപടികൊടുത്തു.എന്നതിൽക്കവിഞ്ഞ് അവർക്കിടയിൽ ഒരു സംസാരം ഉണ്ടായിട്ടില്ല.അപരിചിതരോട്സംസാരിക്കാൻ പ്രകാശിന് വല്ലാത്തൊരു ബുദ്ധിമുട്ടാണ്.ഇപ്പോൾ ആ രാത്രിയിൽ അയാൾ അനുഭവിക്കുന്ന ബുദ്ധിമുട്ട്, അല്ലെങ്കിൽ സ്വഭാവവൈശിഷ്ട്യം ഡൽഹിയിൽവച്ച്നടന്ന യോഗത്തിലും അയാളെ പല കാര്യങ്ങൾക്കും പുറകിലോട്ടു വലിച്ചു.അപരിചിതത്വം അണ്ണാക്കിൽകുത്തിത്തിരുകിആശയങ്ങൾ അയാളുടെ തലയിൽത്തന്നെ ജനിക്കുകയും മരിക്കുകയും ചെയ്യുന്ന ഒരു പ്രതിഭാസമാണ് പ്രകാശ്.



എന്തുകൊണ്ടാണ്അവർക്ക് മൊഴി എന്ന പേര്? പ്രകാശിന് ഈയൊരു കാര്യംചോദിക്കണമെന്ന് തോന്നി.പക്ഷേ, മറ്റൊന്നും ചോദിക്കാതെ ഇങ്ങനെയൊക്കെചോദിക്കാമോ എന്നയാൾക്ക് അറിയില്ല. അയാൾ ആ ചോദ്യവും അവിടെ നിർത്തിവെച്ചു. പൊതുവെ മൊഴിഎന്നപേര് തമിഴർക്കാണ് കേട്ടിട്ടുള്ളത്. ഇനി ഇപ്പോൾ തന്റെകൂടെനടക്കുന്നത്ഒരുതമിഴ്പേരുള്ളസ്ത്രീയാണോ? പ്രകാശ് മൊഴിയെപലരീതിയിലുംവ്യാഖ്യാനിച്ചു. അവർക്ക് എവിടെയാണ് പോകേണ്ടത് എന്നു ചോദിക്കാം.അത്ചോദിക്കുന്നതിൽതെറ്റില്ല. അത് തീർത്തും സ്വാഭാവികവും അപ്പോൾ അനിവാര്യവുമായ ഒരു ചോദ്യമാണ്. ഒരു രക്ഷകർത്താവിന്റെ മനോധൈര്യം ആവാഹിച്ചുകൊണ്ട് ചോദിച്ചു. മറുപടി അതിവേഗം ആയിരുന്നു.

“ഞാനിവിടെ മീൻകുന്ന് വരെ. ഞങ്ങൾഅവിടെഒരുവീട്ടിൽവാടകയ്ക്ക് നിൽക്കുന്നവരാണ്. ഞങ്ങൾ എന്നുവച്ചാൽഞാനുംഎന്റെഅനുജത്തിയും.”

പ്രകാശ് ഒരു മൂളലും തലയിളക്കവും

കൊണ്ട് മറുപടി നല്കി. ചെറിയ ഒരു ചോദ്യത്തിന് അതിലും കവിഞ്ഞ അനേകംകാര്യങ്ങൾമൊഴിപറഞ്ഞുകഴിഞ്ഞു.തന്നോട്ഇത്രയുംസംസാരിക്കുന്ന, സംസാരിക്കാൻ ഒരു ദാരിദ്ര്യവും കാണിക്കാത്ത ആ സ്ത്രീയോട് തനിക്ക് എന്തുകൊണ്ട് സംസാരിച്ചുകൂടാ എന്ന് പ്രകാശ്ചിന്തിച്ചു. അവരോട് സംസാരിക്കുന്നതിലൂടെപ്രത്യേകിച്ച്ഒന്നുംതന്നിൽ നിന്ന് ചോർന്നു പോകാനില്ല എന്ന് പ്രകാശിന് അറിയാം. അല്ലെങ്കിൽ അങ്ങനെയൊരുബോധംഅയാൾക്കുണ്ട്.ആത്മവിശ്വാസക്കുറവാണ് അയാളെ മറ്റെന്തോ രീതിയിൽ മാറ്റുന്നത്.

ഒരു മണിക്കൂറിനും മുകളിൽ അവർ ഒന്നിച്ചു നടന്നു. ഹൈവെ കടന്ന് നാട്ടുപാത കയറി. മൊഴി എന്തുകൊണ്ട് അയാളുടെ കൂട്ടുപിടിച്ചു എന്ന് മൊഴിയോടു ചോദിച്ചാൽ മൊഴി പറയും പട്ടികളെ ഭയമുള്ളതുകൊണ്ടാണെന്ന്. അത് ശരിയാണുതാനും. അല്ലാതെ പ്രകാശ്ചിന്തിക്കുന്നതുപോലെപെണ്ണിന് ആണെന്നതുണയുടെഅനിവാര്യതയോന്നുമല്ല കാര്യം. രാത്രി റോഡിൽ വച്ച് നായക്കൂട്ടങ്ങളെ ആക്രമിക്കേണ്ടി വന്നാൽ ഒരു ആൾ ബലം. ആൾ ബലം മാത്രം. ആൺ ബലമല്ല. ഇതൊക്കെ വസ്തുതകൾ ആണെങ്കിലും പ്രകാശ് ഈകാര്യങ്ങളിൽനിന്നൊക്കെഅജ്ഞനായി തുടർന്നു. തന്റെ തോന്നലുകൾക്ക് തിന്നാൻഏറെചിന്തകൾ ഇട്ടുകോടുത്തു. ഒരുവേള പ്രകാശ് മൊഴിയോട് ആ തോന്നലുകൾ പങ്കുവെച്ചിരുന്നുവെങ്കിൽ അയാളുടെനാടകീയമായനിഗമനങ്ങൾക്ക് യാഥാർത്ഥ്യത്തിന്റെ പുതിയ മുഖം വന്നേനെ.

പഞ്ചായത്ത്റോഡിലൂടെനടക്കുമ്പോൾ പ്രകാശ്ഇങ്ങനെചിന്തിച്ചു,തന്റെഅനുമാനങ്ങൾകൊണ്ടുള്ള നിഗമനങ്ങൾ ശരിയാകണമെന്നില്ല. അതിന് അവരോട്സംസാരിക്കുകതന്നെ വേണം. വലിയ ഒരുചോദ്യംചോദിച്ച്ആദ്യമേഅമ്പരപ്പിക്കുന്നത് ശരിയല്ല. എന്നുവച്ചാൽ തന്നെക്കുറിച്ച് അവർ മറ്റെന്തെല്ലാമോ ചിന്തിക്കും.

"ഞാൻചോദിക്കാൻവിട്ടു,നിങ്ങളിപ്പോൾ എവിടുന്നാണ്വരുന്നത് ?" ഇങ്ങനെ ചോദിച്ചു തുടങ്ങുന്നതാണ് നല്ലത് എന്ന നിഗമനത്തിലെത്തിയപ്രകാശ്തലയൊന്ന് വെട്ടിച്ച് അവരെ നോക്കി. മൊഴി പ്രകാശിന് നേർക്ക് ഒരു പുഞ്ചിരി നല്കി. ആ പുഞ്ചിരി മതിയായിരുന്നു അവന്റെ ആത്മവിശ്വാസം ഉയരാൻ. അവൻ ചോദിച്ചു. ചോദിച്ചു തുടങ്ങും മുമ്പെ മൊഴി അവനോട് പറഞ്ഞു :

"പ്രകാശ്, ഞാൻ ഇതുവഴിയാണ്. ഇനി വലിയ ദൂരമില്ല. ഇതുവരെ ഒപ്പമു

**ബാക്കി പേജ് 21 – ൽ**





കവിത

ശാലിനി സുജിത്ത്

# അവൾ പറഞ്ഞത്



പുസ്തകത്താളുകളിൽ ഒളിച്ചിരുന്ന
മയിൽപ്പീലിപോൽ പെറ്റുപെരുകും
എൻ സ്വപ്നങ്ങളെ
താലോലിക്കുമീ നാളുകൾ എൻ
വസന്തത്തിൻ കനൽവഴികൾ.

ആരോ മീട്ടിയ വീണയിൽ ഞാനിതാ
ശ്രുതി ചേർന്നു പാടുന്നു
ശ്രുതി മധുരമാക്കുമീ ഈണങ്ങളിൽ
ലയിക്കുന്നു എൻ ജീവന്റെ സ്പന്ദനമാകുമാ
കാല്പാടുകൾ.........!

ഇന്നിതാ ഞാൻ താലോലിക്കുമെൻ
സ്വപ്നമാരോ ചവിട്ടിമെതിക്കുന്നതു
ഞാനറിയുന്നു...ആ കാലൊപ്പുകൾ
ഞാൻ കേൾക്കുന്നു, അവ കടൽപോലെൻ
ഹൃദയത്തിലടിക്കുന്നു.

ഞാനറിയുന്നു എൻ ജീവനിലോരോ നിശ്വാസവും
വീണയിലെ തന്ത്രികൾ പോൽ പാടുന്നു.
എൻ നഷ്ട സൗഭാഗ്യത്തിൻ കഥകൾ
ഊഞ്ഞാലാടിയും കൊത്തംകളിച്ചും
മാങ്ങപെറുക്കിയും ഓടിക്കളിച്ചും
കഴിഞ്ഞ നാളുകൾ എന്റെ ഇന്നലെകൾ പോൽ
ഓടിയെത്തുന്നുവെങ്കിലും ഇന്നു ഞാൻ
ഒരുപാടിന്നലെകൾക്കിപ്പുറം കാതോർക്കുന്നു.

ഇന്ന് ഇന്നലെയാകുമോ നാളേയ്ക്കു
വേണ്ടി ഞാൻ കാതോർക്കുന്നു.
അലയുന്നു ഞാനതിൻ ഉറവിടം തേടി
ഞാനലയുന്നു എത്രയെത്ര രാപകലുകൾ.



മഞ്ഞിമറഞ്ഞാലുമെൻ നിശ്വാസം
ഒരു തേങ്ങലായി അലയടിക്കുമീ നാളുകൾ
എന്നുമെൻ വസന്തത്തിൻ കനൽവഴികൾ.

എൻ കനൽവഴികളിൽ ഞാൻ വീണു-
ടയുമ്പോളതാ ആർത്തു ചിരിക്കുന്നു
അന്നെൻ മയിൽപ്പീലിക്കുഞ്ഞുങ്ങളെ
വലിച്ചെറിഞ്ഞ കൈകൾ കൈകൊട്ടി-
ച്ചിരിക്കുന്നു മന്ദഹസിക്കുന്നു.

ഇവിടെയുരുകുമീ മെഴുകുതിരി
വെളിച്ചത്തെ കാണാതെ അറിയാതെ
ഇവിടെയുരുകുമോരോ തുള്ളി
മെഴുകുമെൻ പ്രാണനാകുന്നു.

അന്നെൻ ജീവനിലലയടിച്ചുയർന്ന
തിരമാലകൾ കൈയിലേറ്റിയോ ആ
കാല്പാടുകളെ ...പ്രാണനാകുമെൻ
ഉൾക്കടലിൽ അലിഞ്ഞു ചേർന്നുവോ
ആ മണൽത്തരികൾ....?

ഇന്നിതാ എല്ലാം കെട്ട് ശാന്തമാകുമീ-
പുലരിയിൽ ഞാനറിയാതെ മന്ത്രിച്ചു
എൻ പ്രാണരക്തത്തിൽ അലിഞ്ഞു-
ചേർന്ന ആ ദിവ്യ മനോഹര കാവ്യത്തെ
ആ ദിവ്യാനുരാഗത്തെ....

●



അനുഭവക്കുറിപ്പ്

ലിജി കെ. പി.

# കോവിഡ് കാലം എന്നെ പഠിപ്പിച്ചത്

**കണ്ണപുരം ഗ്രാമപഞ്ചായത്ത് ജി. ആർ. സി. കുടുംബശ്രീ അംഗങ്ങൾക്കായി നടത്തിയ കോവിഡ്കാല അനുഭവക്കുറിപ്പ് രചനാമത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത്.**

പ്രതിഷേധത്തിന്റെയും പ്രതിരോധത്തിന്റെയുംഅതിജീവനത്തിന്റെയും സഹനത്തിന്റെയും ദിനങ്ങളാണ്എന്നിലൂടെകടന്നുപോയത്.ലോകമെങ്ങും മഹാമാരി പെയ്തിറങ്ങിയസമയം. ലോക്ഡൗണിൽവീർപ്പ്മുട്ടിയനിമിഷങ്ങൾ.പ്രിയപ്പെട്ടവരുടെവിയോഗംഹൃദയത്തിൽപതിപ്പിച്ചമുറിവുകൾ.രോഗപ്രതിരോധകാവലാളായി നയിക്കപ്പെടുന്ന മാലാഖമാർ. സ്വാർത്ഥതയുടെ മതിൽക്കെട്ടുകൾ തകർത്തുകൊണ്ട് ജീവിതനാമ്പുകൾക്ക്പ്രകാശംഏകിയവർ. ഒറ്റപ്പെടലിന്റെവേദനമനുഷ്യനിലെമനുഷ്യനെ തിരിച്ചറിഞ്ഞ കാലം.

ദിവസങ്ങളോ ആഴ്ചകളോ ഒന്നും ഓർമ്മയില്ല. വിജനമായ റോഡുകൾ. പെട്രോളിന്റെയും ഡീസലിന്റെയും മണമില്ലാത്തഅന്തരീക്ഷം.എങ്ങുംമണ്ണിന്റെ മണം മാത്രം. എന്നിട്ടും ശുദ്ധവായു ശ്വസിക്കാൻ പറ്റാതെ മുഖാവരണം എന്ന കൗതുകവസ്തുഅണിഞ്ഞ് നടക്കേണ്ടിവന്നഗതികേട്.നാടിന്റെസുരക്ഷയ്ക്കായികരുതലിന്റെ കാവലാളായി പ്രവർത്തിക്കുന്ന ചെറുപ്പക്കാർ വന്ന് "ഏച്ചി, കുറച്ച് മാസ്ക് തയ്ച്ചു തരുമോ" എന്നുചോദിച്ചപ്പോൾ അഭിമാനത്തോടെ ആ ജോലി ഏറ്റെടുത്ത് ചെയ്തു കൊടുത്തു. കരുതലിന്റെ കരങ്ങളിൽ ഒരു ചെറിയ പങ്ക് വഹിക്കാൻ പറ്റിയതിൽ ഞാൻ സന്തോഷിച്ചു. ഒപ്പം അവർ തന്ന സ്നേഹോപഹാരം കൈപ്പറ്റുമ്പോൾ നോബൽസമ്മാനജേതാവിന്റെസന്തോഷമായിരുന്നു എന്റെ മനസ്സിൽ.

ലോക്ഡൗണിൽ ഏട്ടനെയും മോനെയുംമുഴുവൻ സമയവും വീട്ടിൽ കിട്ടിയപ്പോൾസ്ത്രീസഹജമായസ്വാർത്ഥത എന്നിൽ മുള പൊട്ടി. ഞാൻ ഏറെ സന്തോഷിച്ചു.അകത്തളങ്ങളിൽതളച്ചിട്ടപ്പോൾ അവർ തീർത്തുംതളർന്നുപോയിരുന്നു.സാമ്പത്തികവും സാമൂഹികവുമായഇടപെടലുകൾഇല്ലാതായപ്പോൾഏട്ടന്റെവിഷമങ്ങൾപൊട്ടിത്തെറിയുടെവക്കിലെത്തി.സഹനംആയുധമാക്കി ഞാനതിനെനേരിട്ടു.മകന്റെകാര്യങ്ങളിൽതീർത്തുംനിസ്സഹായയായി.ഒറ്റപ്പെടലിന്റെ വേദന ശാഠ്യങ്ങളിലൂടെ പുറത്തുവന്നു. അവനെ ആശ്വസിപ്പിക്കാൻ വാക്കുകൾ വിരളമായിരുന്നു.

ലോക്ഡൗണിന്റെ വിരസത മാറ്റാൻ ഏട്ടനെ നിർബന്ധിച്ച് കൃഷിയിലേക്ക് തിരിച്ചുവിട്ടു. വളയം പിടിച്ച കൈകൾ തൂമ്പപിടിച്ചു. ഉപജീവനത്തിന് ഇതൊന്നും പരിഹാരമല്ലെന്ന ഏട്ടന്റെ കണ്

ടെത്തൽ, നിരാശയായിരുന്നു ഫലം. കൊറോണക്കാലത്ത്സർക്കാർഅനുവദിച്ച വായ്പാസഹായം കുടുംബശ്രീ വഴിലഭിച്ചപ്പോൾഏട്ടന്നൽകിക്കൊണ്ട് കുറച്ച്കോഴിക്കുഞ്ഞുങ്ങളെവാങ്ങിക്കാൻ ഏർപ്പാടാക്കി. സ്ഥലപരിമിതി മൂലം ടെറസ്സിന്റെ മുകളിൽ കൂടാക്കി നല്ല രീതിയിൽവളർത്തി. ഒരുമാസത്തിനു ശേഷം എന്റെനിർബന്ധപ്രകാരം ഫെയിസ്ബുക്കിൽഒരുപരസ്യവുംകൊടുത്തു :'നല്ലയിനം കോഴിക്കുഞ്ഞുങ്ങൾ വില്പനയ്ക്ക്'. ഞങ്ങളെപ്പോലെ ജീവിതംപ്രതിസന്ധിയിലായവർകോഴിക്കുഞ്ഞുങ്ങളെവാങ്ങി.മുഴുവനുംവിറ്റുതീർന്നു. പ്രത്യാശയുടെ കനൽ ഏട്ടന്റെ കണ്ണുകളിൽകാണാൻകഴിഞ്ഞു.ഈസംരംഭംവിപുലീകരിക്കാൻ ഏട്ടൻ ശ്രമിച്ചു. ഭാര്യഎന്നനിലയിൽ ഇത് എന്റെ വിജയമായിരുന്നു.

പ്രിയപ്പെട്ടവരിൽ നിന്ന് അശന്നു നില്ക്കേണ്ടിവരുന്നഅവസ്ഥവേദനാജനകമാണെന്നവസ്തുതതിരിച്ചറിഞ്ഞനാളുകളായിരുന്നു ഈ കൊറോണക്കാലം. അയൽപക്കത്തെഏച്ചിയുടെമക്കളുംഭാര്യമാരുംകുട്ടികളുംഅന്യസംസ്ഥാനത്തുനിന്നും തിരിച്ചെത്തിയപ്പോൾ അവരുടെവീട്ടിൽഎന്നുംആഘോഷമായിരുന്നു. അവരുടെ ആഘോഷങ്ങളിൽ മന:പൂർവ്വമല്ലെങ്കിലുംഎത്തിനോക്കിയപ്പോൾ ഓർമ്മകൾ ഒറ്റപ്പെട്ട് കഴിയുന്ന എന്റെ അച്ഛന്റെയുംഅമ്മയുടെയുംഅടുത്തേക്ക്ഓടിയെത്തി.ഇടയ്ക്കിടെയുള്ളഫോൺകോളിൽ സുഖവിവരങ്ങൾ തിരക്കി. അങ്ങേത്തലയ്ക്കൽ നിന്ന് ഒറ്റപ്പെടലിന്റെ അവശതയിലും അച്ഛന്റെ ശബ്ദം: ഞങ്ങളെക്കുറിച്ചോർത്ത് സങ്കടപ്പെടേണ്ട.മരുന്നുംസാധനങ്ങളുംകൃത്യമായി ഞങ്ങൾക്ക്ലഭിക്കുന്നുണ്ട്. നിങ്ങളുടെ



ക്രിസ്റ്റീൻ ആർച്ചർ (വലത്) ഗേറ്റ് തുറക്കുന്നതുകപ്പോഴേ അനിയത്തി ഗെയ്ൽ ബേക്കർ മുറ്റത്തെത്തി. ഏതാനും സെക്കന്റ് രണ്ടു പേരും കെട്ടിപ്പിടിച്ചു നിന്നു. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. അണ്ഡാശയത്തെ ബാധിച്ച, ചികിത്സിച്ചു ഭേദമാക്കാൻ കഴിയാത്ത അർബുദം കാരണം ഡോക്ടർമാർ ആഴ്ചകൾ മാത്രം ആയുസ്സ് വിധിച്ച ഗെയ്‌ലിനെ കാണാൻ കോവിഡ് 19 ഒരുക്കിയ പലതരം കടമ്പകൾ താണ്ടിയാണ് ക്രിസ്റ്റീൻ ഓസ്ട്രേലിയയിലെ ബൗറവിലിലെ വീട്ടിലെത്തിയത്. ന്യൂസിലാന്റിൽ നിന്ന് ഓസ്ട്രേലിയയിലെത്താൻ അഞ്ച് അപേക്ഷകൾ ക്രിസ്റ്റീൻ നല്കി. നാലെണ്ണവും തള്ളി. ഒടുവിൽ അനുമതി നേടി സിഡ്നിയിൽ വിമാനമിറങ്ങിയപ്പോൾ അധികൃതർ വിധിച്ചത് ഏഴ് ദിവസത്തെ സമ്പർക്ക വിലക്ക്. ഹോട്ടലിൽ തങ്ങി അത് പൂർത്തിയാക്കിയപ്പോൾ കോവിഡ് പരിശോധന. രണ്ടു ഫലങ്ങളും നെഗറ്റീവായതോടെ ക്രിസ്റ്റീന്റെ കഠിനയാത്രയ്ക്ക് അന്ത്യമായി. പ്രിയസഹോദരിയെ കാണാതെ മരിക്കേണ്ടിവരുമോയെന്ന ഗെയ്‌ലിന്റെ ഹൃദയവേദനയ്ക്ക് ശമനമായി.

സുരക്ഷ നിങ്ങൾ കരുതണം'ഈ ആശ്വസിപ്പിക്കൽസ്നേഹത്തിന്റെ കരുതലാണെന്നറിപ്പോൾഅറിയാതെ യാണെന്നോണം ണ്ണുനീർ പൊഴിഞ്ഞു.

'അമ്മേ, ഇന്ന് പുന:സംപ്രേഷണമാണോ?'.മകന്റെചോദ്യംസ്വതന്ത്രചിന്തയിൽ നിന്ന് യാഥാർത്ഥ്യങ്ങളിലേക്ക് തിരിച്ചിറങ്ങി. അതെ, കോവിഡ് കാലത്തെമറ്റൊരുഅനുഭവം.കാർട്ടൂൺകാണുന്നലാഘവത്തോടെഓൺലൈൻക്ളാസ്സുകൾശ്രവിക്കുമ്പോൾവിദ്യാഭ്യാസകാലഘട്ടത്തിന്റെ അടിത്തറയാണ് ഒന്നാം ക്ളാസ്സ് വിദ്യാഭ്യാസം എന്ന നഗ്നസത്യംഎന്റെമകൻമനസ്സിലാക്കുന്നില്ലല്ലോ എന്ന വിഷമം മനസ്സിനെ വല്ലാതെ ഉലച്ചു. വല്ലാണ്ട് നിർബന്ധിക്കേണ്ട അവസ്ഥവന്നപ്പോൾ അമ്മയുടെ കുറ്റപ്പെടുത്തലുകൾ : 'മതി, നീയോന്ന് നിർത്തോ'. ഇത്ര ചെറിയ കുഞ്ഞിന് ടി.വി.യിൽ കണ്ടിട്ട് എന്ത് മനസ്സിലാവാനാ?. പ്രതിഷേധത്തോടെ അടുക്കളയിലേക്കുകയറുമ്പോൾമനസ്സ്കടിഞ്ഞാണില്ലാത്തകുതിരയെപ്പോലെഓടുകയായിരുന്നു.'ദൈവമേ,ഇത് എവിടെച്ചെന്നവസാനിക്കും?' - നെടുവീർപ്പിനിടയിലുംഇത്തിരിക്കുഞ്ഞൻ വൈറസ്സിനെ പൂർണ്ണമായി തുടച്ചുനീക്കാൻകഴിയുമെന്നപ്രത്യാശയോടെ ജീവിക്കുന്നു.

•

---

## മഞ്ഞരാത്രി - **തുടർച്ച**

ണ്ടായതിന് നന്ദി.''

അങ്ങനെ പറഞ്ഞ് മൊഴി മറ്റൊരു വഴി കയറി ഇരുട്ടിൽ മറഞ്ഞു.

താൻപറഞ്ഞിട്ടില്ലാത്തതന്റെപേരെങ്ങനെ അവരറിഞ്ഞു എന്ന അത്ഭുതം പ്രകാശിനെകുറച്ചുനേരംആപഞ്ചായത്ത് റോഡിലെ വഴിവിളക്കിന്റെ കീഴിൽ സ്തബ്ധനായി നിർത്തിച്ചു. ശേഷം വീട് ലക്ഷ്യമാക്കിമുന്നിലെ ഇരുട്ടിലേക്ക്നടന്നകലുമ്പോൾപ്രകാശിന്റെ മനസ്സിൽ ഒരൊറ്റ കാര്യം മാത്രം : 'എനിക്ക് നല്ല വിശപ്പുണ്ട്.'

•

### സൃഷ്ടികൾ ക്ഷണിക്കുന്നു

'ഗ്രാമിക'യിലേക്ക്ആർക്കും
സൃഷ്ടികൾ അയക്കാം.
അയക്കേണ്ട
നമ്പർ : 9946575475

## ആദരാഞ്ജലി

**വയോജനവേദി അംഗങ്ങൾ**


ദേവകി കോട്ടൂൽ


അമ്മാളു കല്ലേൻ


പി. കുഞ്ഞിരാമൻ നായർ

കൃഷി

ഗോവിന്ദൻ എം.

# വയലറിവുകൾ



ചെമ്മരവയലും പുഞ്ചവയലും ഒരു വലിയപാടശേഖരമാണ്.ഈവയലുകളുടെ എല്ലാ ഭാഗത്തും കുന്നുകളുണ്ട്. കുന്നുകൾക്കിടയിലാണ്വയലുകളെന്ന് പറയാം.കുന്നുകൾക്കിടയിലെവയലുകളെഏലകൾഎന്നുവിളിക്കും. കുന്നിന്റെ മുകളിൽനിന്നുംഒഴുകിയെത്തുന്നപശിമയുള്ള മണ്ണും ജൈവാംശങ്ങളും കുന്നിനുള്ളിൽനിന്നുള്ള നീരുറവകളുമാണ്ഏലകളുടെജീവൻ. കുന്നുകളുടെ പ്രകൃതിക്കുമാറ്റംവരുമ്പോൾ ഏലകളുടെജീവനെബാധിക്കും.ചിലഅനുഭവങ്ങൾ പറയാം.

നമ്മുടെ പ്രദേശത്തെ വലിയ കുളമായപേറുകുളം കുന്നിന്റെ താഴ്വരയിലാണ്സ്ഥിതിചെയ്യുന്നത്.വർഷംമുഴുവൻ ജലസമൃദ്ധിയുള്ളകുളം.ഏതാണ്ട്30-35വർഷം മുമ്പ് ഈ കുളത്തിലെ വെള്ളമുപയോഗിച്ച് സമീപത്തുള്ള 50 ഏക്കറോളം നിലത്ത് മൂന്നാം വിള നെൽക്കൃഷിചെയ്തിരുന്നു.കൂടാതെഒന്നാംവിളയുടെ നാട്ടിയുചെയ്യുമായിരുന്നു. ഞാനൊക്കെഈനാട്ടിപ്പണിഎടുത്തിട്ടുണ്ട് അതായത്മേടംഅവസാനം.അത്രയും ജലസമ്പത്തുള്ള കുളമാണ് പേറുകുളം. സമീപത്തുള്ളകുന്നിൽനിന്നുള്ളനീരുറവയാണ്കാരണം. പിന്നീട് ഹരിജൻ കോളനിയിൽ വാട്ടർടാങ്കിന്റെ ഭാഗമായി വലിയകിണർനിർമ്മിച്ചപ്പോൾകുളത്തിലേക്കുള്ള നീരുറവയുടെ ശക്തികുറഞ്ഞു. കുളം പതുക്കെ ശോഷിക്കാൻ തുടങ്ങി. കുന്നിൻ മുകളിൽ വലിയതോതിലുണ്ടായ മണ്ണ്-പാറഖനനം, സമീപപ്രദേശങ്ങളിൽ കിണറുകളുടെ എണ്ണത്തിലുണ്ടായവർദ്ധനവ്, കാലാവസ്ഥാവ്യതിയാനം-തുടങ്ങിയവയൊക്കെഈശോഷിപ്പിന്കാരണമായിട്ടുണ്ടാവാം.കുന്നിനുള്ളിലെനീരുറവയ്ക്കുണ്ടായഗതിമാറ്റംകുളത്തെയുംസമീപത്തുള്ളനെൽക്കൃഷിയെയുംപ്രതികൂലമായി ബാധിച്ചു തുടങ്ങി.

കുന്നിനോടുചേർന്നനിലങ്ങളിൽവരൾച്ചകുറവായിരിക്കും.വേനൽക്കാലത്തും മണ്ണിൽ നല്ല ഈർപ്പമുണ്ടായിരിക്കും.





കുന്നിന്റെഓരത്തുള്ളവയലിലെചെറിയ ജലാശയമാണ് മുണ്ടക്കുണ്ട്.കഠിനമായവേനൽക്കാലത്തു പോലും അതിൽവെള്ളംകാണാം.വയൽപ്രദേശത്ത്ജലസമൃദ്ധിയുള്ളിടത്താണ് മുണ്ടച്ചെടികൾ ധാരാളംകാണപ്പെടുന്നത്.മുണ്ടച്ചെടികൾ ധാരാളമുള്ളതുകൊണ്ടായിരിക്കണം ആ ജലാശയത്തിന് മുണ്ടക്കുണ്ട്എന്നപേരുായത്. ഇത്തരത്തിലുള്ള കുണ്ടുകളുടെയും കുളങ്ങശുടെയും ജലപോഷണത്തിനുനിദാനംകുന്നുകളാണ്.ഇന്ന്മുണ്ടക്കുണ്ട്നാമാവശേഷമായി.തോട്ടുവക്കിലെയുംകുന്നിൻചെരിവിലെയും കൈതക്കാടുകൾ വിടചൊല്ലിക്കൊണ്ടിരിക്കുന്നത് കുന്നിലെ ജലദാരിദ്ര്യത്തിന്റെലക്ഷണമാണ്.വയൽമണ്ണിന്റെപശിമയുംഈർപ്പവുംകാത്തുസൂക്ഷിക്കുന്നതിൽ കുന്നിന് വലിയ പങ്കുണ്ട്.

**വയൽ പ്രകൃതിയുടെ വരദാനം**

നമ്മുടെ ഈ വയൽ പ്രകൃതി നല്കിയ ദാനമാണ്. എത്രയോ തലമുറകൾക്ക് അത് അന്നമായി നിലനിന്നു. ഓരോ നിലത്തിന്റെയും സാദ്ധ്യതയെന്താണോ അത് ആവോളം ഉപയോഗപ്പെടുത്താൻ പണ്ടുള്ള കൃഷിക്കാർ തയ്യാറായിരുന്നു.

ഇവിടെ ഇരുവിളയാണ് കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. ഒന്നാം വിള വിരിപ്പെന്നും രണ്ടാം വിള പുഞ്ചയെന്നും അറിയപ്പെടുന്നു. വിരിപ്പ് കൃഷി ഇടവപ്പാതിയുടെകാലത്തും പുഞ്ചക്കൃഷിതുലാവർഷകാലത്തുമാണ് ചെയ്തുവരുന്നത്. കന്നിക്കൊയ്ത്തും മകരക്കൊയ്ത്തും അങ്ങിനെയാണുണ്ടായത്.വിരിപ്പ് കൃഷിയുടെ കൊയ്ത്താണ് കന്നിക്കൊയ്ത്ത്. പുഞ്ചയുടെത്മകരക്കൊയ്ത്തും. ഒരുവിളയുടെകാലമെന്നത് മൂന്നര- നാലു മാസമാണ്. രണ്ടു കൃഷിക്കും പരമ്പരാഗതനെൽ വിത്തുകളാണ് ഉപയോഗിക്കുന്നത്. നിലമറിഞ്ഞാണ് വിത്തിടുന്നത്. കഴമ, കരിഞ്ചൻ, തവളക്കണ്ണൻ, മലയടമ്പൻ, നവരപ്പുഞ്ച, ഓർക്കഴമ, ഓർത്തടൻ, ചൊവ്വരിയൻ. കുഞ്ഞെല്ല്, ചോന്നെല്ല്, കീരിപ്പാല, ആര്യൻ, വടക്കൻ, പറമ്പോട്ടൻ, കുതിർ, മുണ്ടകൻ, ചിറ്റേനി - ഇവയൊക്കെയാണ് നമ്മുടെ പ്രദേശത്ത് കൃഷി ചെയ്തിട്ടുള്ള എന്റെ ഓർമ്മയിൽ വരുന്ന പരമ്പരാഗത നെൽവിത്തുകൾ.

പണ്ട് ഈ വയലിൽ പൂർണ്ണമായും ജൈവകൃഷിരീതിയിലാണ് നെൽക്കൃഷി ചെയ്തിരുന്നത്. ഒന്നാം വിള കൃഷിപ്പണി ആരംഭിക്കുന്നതിന്മുമ്പ്വേനൽക്കാലത്ത് ചാണപ്പൊടിയും വെണ്ണീറും ചപ്പും കണ്ടത്തിൽ ഇടും. ഇങ്ങനെയിട്ടാൾ മൺകട്ടയ്ക്ക് നല്ല ഇളപ്പം കിട്ടും. ഇളപ്പമുള്ളമണ്ണാണ് വയലിന്റെ ആരോഗ്യം. രണ്ടാം വിളയ്ക്ക് പച്ചിലയാണ് ഉപയോഗിക്കുന്നത്. അത് കൃഷിപ്പണി ആരംഭിക്കുന്നതിനുമുമ്പായികണ്ടത്തിലിടും. ഈ രീതിയിൽ വളപ്രയോഗം നടത്തുന്നതുകൊണ്ട്മണ്ണിൽ പുളിരസം കുറയും. പുളിരസമുള്ള മണ്ണിൽ കൃഷി നന്നാവില്ല.

കീടബാധകാര്യമായിഅനുഭവപ്പെടാറില്ല.നെൽച്ചെടിഇളംപ്രായത്തിലാകുമ്പോൾ പുഴുവിന്റെ ശല്ല്യം ഉണ്ടാകും. ആ കീടങ്ങളെ മുറംവീശിപ്പിടിച്ച് നശിപ്പിക്കു

കയാണ് ചെയ്യുക. കീടനാശിനി പ്രയോഗമില്ല. വയലിലും സമീപത്തുള്ള കുന്നിൻചെരിവിലെ കാടുകളിലും മറ്റുമായികൃഷിയെബാധിക്കുന്നകീടങ്ങളുടെശത്രുകീടങ്ങളുംപക്ഷികളുംജീവികളും ധാരാളമുണ്ടാകും.ഇവയുടെ സന്തുലനം പ്രകൃതി തന്നെനിശ്ചയിക്കുമായിരുന്നു.

**നെൽവിത്തുകളുടെ കൃഷിപാഠങ്ങൾ**

കർഷകന്റെ ഏറ്റവും വലിയ കൈമുതൽ വിത്തും വിത്തറിവുമാണ്. അതിൽനിന്നാണ് കൃഷിപ്പണി ആരംഭിക്കുന്നത്. കാലാവസ്ഥയും നിലത്തിന്റെ തരവും മനസ്സിലാക്കുക്കൊണ്ടാണ് വിത്ത് പ്രയോഗിക്കുന്നത്. നമ്മുടെ വയൽ മഴക്കാലത്ത് വെള്ളം നിറയുന്ന താവയാണ്. ഇടവപ്പാതിയിലെ കനത്ത മഴയെയും താവയിലെ വെള്ളക്കെട്ടിനെയും അതിജീവിക്കുന്ന വിത്താണ്ഒന്നാം വിളയ്ക്ക് അഭികാമ്യം. അതിനാൽകഴമ,മലയടമ്പൻ,തവളക്കണ്ണൻ,കരിഞ്ചൻതുടങ്ങിയ വിത്തുകളാണ് ആവിളയ്ക്ക്ഉപയോഗിക്കുന്നത്.ഇവയുടെചെടികൾഉയരത്തിലുംകരുത്തിലും വളരും.കൂടാതെ അതിന്നല്ല ബലവുമുണ്ടായിരിക്കും. അതിനാൽവെള്ളത്തിൽ വേഗം ചീഞ്ഞുപോകില്ല. മറ്റെരുപ്രത്യേകതതവളക്കണ്ണൻ, കരിഞ്ചൻ തുടങ്ങിയവയുടെ ഞാറ്റടി തയ്യാറാക്കുമ്പോൾ കളകളെ ഒഴിവാക്കാനും കഴിയും. ഇവയുടെ തണ്ടിന് വേരോടു ചേർന്ന ഭാഗത്ത് ഇളം ചുവപ്പ്നിറമായിരിക്കും. വരിനെല്ലിന്റേത് വെളുപ്പും. ഞാറുപറിക്കുമ്പോൾ നിറം നോക്കി വരിനെല്ലിനെ ഒഴിവാക്കാൻ കഴിയും. ഇങ്ങനെ ഒന്നാം വിളയുടെ വലിയ പ്രശ്നമായ വരിനെല്ലിനെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കർഷകന് സാധിക്കുന്നു.

രണ്ടാം വിളയായ പുഞ്ചക്കൃഷിക്കു പുഞ്ചവിത്താണ് ഉപയോഗിക്കുന്നത്. ഈ വിളയുടെ കാലത്ത് മഴയും വെള്ളവും കുറയും. കനത്ത മഴയും വെള്ളക്കെട്ടും പുഞ്ചവിത്തിന് ചേരില്ല. കാരണം അതിന്റെ ചെടി അധികം ഉയരത്തിൽ വളരില്ല. അതിന് ബലവും കുറയും. മാത്രമല്ല ചെടിക്കു മൂപ്പും കുറവാണ്.അതിനാൽവേനൽമുറുകുന്നതിന് മുമ്പായി വിളവെടുക്കാനും കഴിയും. കാലാവസ്ഥയോട് കൃത്യമായി പ്രതികരിക്കുന്ന വിത്താണ് പുഞ്ചവിത്ത് എന്നത് മറ്റൊരു പ്രത്യേകതയാണ്. മഴ



കുറഞ്ഞ സവിശേഷ കാലാവസ്ഥയുള്ള വൃശ്ചികത്തിലേ അത് വിരിയൂ. ചിറ്റേനിയും മുണ്ടകനും ഇതേ കൂട്ടത്തിലാണ്.

മൂന്നാംവിളയിൽപുഞ്ചയുംനവരപ്പുഞ്ചയുംകൃഷിചെയ്യും.ഈസമയംമഴയുടെ സാധ്യതയില്ലാത്തകാലമാണ്.നവരപ്പുഞ്ചയ്ക്ക്മഴവേണമെന്നില്ല. വെള്ളം മതി. ചെടി നേരിയ തണ്ടോടുകൂടി ഉയരംകുറഞ്ഞാണ്വളരുന്നത്.മഴയ്ക്ക് അനുകൂലമല്ലനവരപ്പുഞ്ച. മൂപ്പ് വളരെ കൂറവാണ്.അതിനാൽമൂന്നുമാസംകൊണ്ട്കൊടുംവേനലിനുമുമ്പായിവിളവെടുക്കാൻ കഴിയും.

കയ്പാട് നിലത്ത് നഞ്ചിന്റെ അംശമുണ്ടായിരിക്കും. അതിനാൽ നഞ്ചിനെ ചെറുക്കാൻ ശേഷിയുള്ള ഓർത്തടൻ, ഓർക്കഴമ, ചൊവ്വരിയൻ, കുതിർ തുടങ്ങിയവിത്തുകളാണ്കൃഷിയിറക്കുക.കുംഭം,മീനംമാസത്തിൽകൃഷിപ്പണിയാരംഭിക്കും. ഇത് വേനൽപ്പണി എന്നാണ് അറിയപ്പെടുന്നത്. മണ്ണ് കൊത്തി പൊറ്റ കൂട്ടിയോ നിരകൂട്ടിയോ നിലമൊരുക്കും. ഇതിന്റെ മീതെയാണ് നേരത്തേ മുളപ്പിച്ച വിത്തിടുക. ഇതിനെ വിതക്കൃഷി എന്നുപറയും. ഓർത്തടൻ, ചൊവ്വരിയൻ, കുതിർ എന്നീ വിത്തുകളാണ് വിതക്കൃഷിക്കുപയോഗിക്കുക.

മണ്ണിലെനഞ്ചിന്റെശക്തി കുറയ്ക്കാനും പോട്ട, കറുക തുടങ്ങിയ കളകളെ നിയന്ത്രിക്കാനുമാണ് പൊറ്റ കൂട്ടുന്നത്. വിതക്കുന്നത്ഇടവപ്പാതിയുടെഅവസാനമാണ്.നല്ലമഴയുള്ളകർക്കിടകമാകുമ്പോഴേക്കുംനഞ്ച്വാർന്നുപോയിവെള്ളം മധുരിക്കുന്ന അവസ്ഥയിലാകും. ഈ സമയത്ത് പൊറ്റ അല്ലെങ്കിൽ നിര ഞാറോടുകൂടി കൊത്തിയെടുത്ത് നിരപ്പാക്കിയിടും.നേരിയഓരുവെള്ളത്തിൽ ഞാറ് പുഷ്ടിയോടുകൂടി വളരാൻതുടങ്ങും.വിതയ്ക്കുപകരംനാട്ടിയുംചെയ്യാറുണ്ട്നാട്ടിയാണെങ്കിൽ ഞാറ്കരക്കണ്ടത്തിൽ തയ്യാറാക്കി പൊറ്റയുടെമുകളിൽനടും.നാട്ടിക്കുപയോഗിക്കുന്നത് ഓർക്കഴമയാണ്. നിലത്തിന്റെ സ്വഭാവം നോക്കിയാണ് വിതയോനാട്ടിയോഎന്ന്തീരുമാനിക്കുന്നത്. ചൂട്ടുകണ്ട (നഞ്ചിന്റെ ശക്തി കൂടിയനിലം)ത്തിലാണ് വിത നടത്തുന്നത്.മണ്ണിലുംവെള്ളത്തിലുംധാരാളംജൈവാംശമുള്ളതുകൊണ്ട് കയ്പാടു കൃഷിക്കു ചെലവ് കുറയും. ചെടിക്കു കാര്യമായ പരിചരണവും വേണ്ട.

പാന്തോട്ടം ഭാഗത്തുള്ള വയൽ ഇടനഞ്ച് നിലമാണ്. കരയോടു ചേർന്ന നിലം കരനിലം.പുഞ്ചവയലും ചെമ്മരവയലും കരനിലമാണ്.



പുഴയുമായി ബന്ധമുള്ള ഉപ്പുവെള്ളം കയറിയിറങ്ങുന്ന നിലം കയ്പാട്. കീഴറ കയ്പാട്ഉദാഹരണം.കരനിലവുംകയ്പാടുമല്ലാത്ത എന്നാൽ രണ്ടിന്റെയും സ്വഭാവമുള്ള നിലത്തെയാണ് ഇടനഞ്ച് നിലമെന്ന് വിളിക്കുന്നത്. ഈ നിലത്ത് കരനിലത്തിലെയും കയ്പാടിലെയും വിത്താണ് ഉപയോഗിക്കുക. ഓർക്കഴമയും മുകനുമാണ് പൊതുവെ കൃഷി ചെയ്യുന്നത്.





കോലത്തുവയൽ മണൽ മണ്ണുള്ള നിലമാണ്. ഈ നിലത്ത് ഏറ്റവും ഉചിതം വടക്കൻ വിത്താണ്. നല്ല മഴയും വെള്ളവും ഇഷ്ടമുള്ള മലയടമ്പനും തവളക്കണ്ണനും കൃഷിചെയ്യാറുണ്ട്. ഈർപ്പം കുറഞ്ഞ് മണൽ പൊടിഞ്ഞു നിൽക്കുന്നസമയമാണ്വിത്തിറക്കാൻപാകപ്പെട്ടത്.മഴപെയ്ത് മണ്ണ് കുതിർന്ന് നിൽക്കുന്ന നേരത്ത് വിത്തിട്ടാൽ വിളനന്നാവില്ല.അതിനാൽ മേടാരംഭത്തിൽ കൃഷിപ്പണി തുടങ്ങും.

കരനിലത്തോടു ചേർന്ന ഉയർന്ന ഭാഗത്തുള്ള നിലമാണ് തിണക്കണ്ടം.ഇവിടെവെള്ളം അധികം വേണ്ടാത്ത കുഞ്ഞെല്ലും നവരപ്പുഞ്ചയുമാണ്അനുയോജ്യം. വയലുമായി ബന്ധമില്ലാത്ത വെള്ളം കെട്ടിനിൽക്കാത്ത പൊയ്യിലുകളിൽകീരിപ്പാലയുംകൃഷിചെയ്യുന്നു. പറമ്പുകളിലുംമറ്റു ഉയർന്ന സ്ഥലങ്ങളിലും പറമ്പോട്ടനുംചോന്നവിത്തും ഉപയോഗിക്കുന്നു. ഇതിന് മഴയുടെ നനവ് മതി. എക്കൽ മണ്ണും ജലസേചനവും ആവശ്യമില്ല. നെല്ലിന് ഓക്കയുള്ളതിനാൽ പക്ഷികളുടെയും മറ്റും ശല്ല്യം ഒഴിവാക്കാനും കഴിയും.



കൃഷിപ്പണി ലാഭിക്കാനുള്ള കൃഷിരീതിയുമുണ്ട്.വൃശ്ചികത്തിൽമാത്രംവിരിയുന്നവിത്തുകളാണ് പുഞ്ചയും മുണ്ടകനും. ഒന്നാം വിള വിത്തിന്റെ കൂടെ മുണ്ടകൻ വിത്ത് ചേർത്ത് കൃഷിയിറക്കിയാൽ ഒരു കൃഷിപ്പണികൊണ്ട് ഇരുപ്പൂവ്വിളവെടുക്കാം.ഉദാഹരണത്തിന്കരനിലത്തിൽകഴമയുംമുണ്ടകനുംചേർത്ത്കൃഷിയിട്ടാൽവിരിപ്പുപണികൊണ്ട്കന്നിക്കൊയ്ത്തുംമകരക്കൊയ്ത്തും നടത്താം. അതുപോലെ

ഇടനഞ്ചനിലത്ത് ഓർക്കഴമയും മുണ്ടകനും ചേർത്ത്കൃഷിയിറക്കിവിരിപ്പ് പണികൊണ്ട് രണ്ടുവിളവെടുക്കുന്നു. കോലത്തുവയലിലാണെങ്കിൽവടക്കനും മുണ്ടകനും ചേർത്ത് മേടപ്പണികൊണ്ട് വടക്കൻകൊയ്ത്തുംമുണ്ടകൻകൊയ്ത്തും നടത്തുന്നു.

നിലമറിഞ്ഞ്,മണ്ണറിഞ്ഞ്, കാലമറിഞ്ഞ് കൃഷിചെയ്യുന്നവരായിരുന്നുപണ്ടുള്ളവർഇന്നത്തേതുമാതിരിശാസ്ത്രീയകൃഷിജ്ഞാനവുംസാങ്കേതിക സഹായവും അവർക്കില്ലായിരുന്നു.പരമ്പരാഗതമായപ്രായോഗിക പരിജ്ഞാനത്തെ ആശ്രയിക്കുകയേനിവൃത്തിയുള്ളു.അധ്വാനംകുറയ്ക്കുവാനുംകൃഷിച്ചെലവുംകൃഷിനാശവുംനിയന്ത്രിക്കുവാനുംആദായംപരമാവധിവർദ്ധിപ്പിക്കുവാനുമുള്ള വഴികൾ അവരുടെ പ്രായോഗിക ശാസ്ത്രത്തിലുണ്ട്.സൂക്ഷ്മമായപ്രകൃതിനിരീക്ഷണമാണ്ആപ്രായോഗിക ശാസ്ത്രത്തിന്റെ കാതൽ.

•

## കാർഷിക പ്രയോഗങ്ങൾ

*ഞാറ്, കറ്റ, പതിര്, മന്നല, പൊലി, വരമ്പ്, പതം, കളം, കൂ, ഞാറ്റടി, പൊറ്റ, കം, ഒടി, പൂത്താട, പെരുക്കുക, കൈവിത്ത്, മരം കെട്ടുക, വിത. നാട്ടി, മൊത വാരുക, വാളുക*

## കൃഷി : നാട്ടറിവ് പഴമൊഴികളിൽ

- ചോതിവർഷിച്ചാൽചോറിന് പഞ്ഞമില്ല.
- കുംഭത്തിൽമഴപെയ്താൽ കുപ്പയിലും ചോറ്.
- മീനത്തിൽമഴപെയ്താൽ മീനിനും ഇരയില്ല.
- പൂയത്തിൽമഴപെയ്താൽ പുല്ലും നെല്ല്.
- ഇരുമുറി പത്തായത്തിൽ ഒരു മുറി വിത്തിന്.
- അധികമൂപ്പ് വിത്തിന് മോശം.
- വിത്ത്ഗുണം പത്ത് ഗുണം.
- ഞാറ്റിൽപിഴച്ചാൽചോറ്റിൽ പിഴച്ചു.
- ഞാറുറച്ചാൽ ചോറുറച്ചു.
- വരമ്പില്ലാ കൃഷിയിൽ കഴമ്പില്ല.
- വരിനെല്ല്അരികെടുത്തും.
- ഇല തൊടാഞ്ഞാൽ കുല മലയ്ക്കു മുട്ടും.
- കൂലിക്കാള കിതയ്ക്കില്ല.
- മണ്ണറിഞ്ഞ് വിത്തിട്ടാൽ കിണ്ണംനിറയെചോറുണ്ണാം.

# കൃഷിഗീത

കേരളത്തിൽ പുരാതനകാലം മുതൽ നടത്തിപ്പോന്ന കൃഷി സമ്പ്രദായത്തെ സമഗ്രമായി വിവരിക്കുന്ന ഒരു പ്രാചീന താളിയോലഗ്രന്ഥമാണ് 'കൃഷിഗീത'. വാമൊഴിയായി നിലനിന്നിരുന്ന പരമ്പരാഗത കൃഷിയറിവുകളാണ് നാലു ഭാഗങ്ങളിലായി ഓലയിൽ എഴുതിയത് എന്നുവേണം കരുതാൻ. പാട്ടുരീതിയിൽ എഴുതിയ ഈ കൃതിയുടെ രചയിതാവിക്കുറിച്ച് അറിവില്ല. തെളിവുകൾവച്ച് 300 വര്ഷത്തെ പഴക്കം കണക്കാക്കുന്നു. കേരളം സൃഷ്ടിച്ച് തങ്ങൾക്കു നല്കിയ പരശുരാമനോട് കൃഷി ചെയ്യുന്ന പ്രകാരങ്ങളൊക്കെയും കല്പിച്ചരുളണമെന്ന് ബ്രാഹ്മണർ അഭ്യർത്ഥിച്ചതനുസരിച്ച് പരശുരാമൻ കൃഷിയെക്കുറിച്ച് പറയുന്നതുപോലെയാണ് രചന.

കൃഷിഗീതയിൽ പറയുന്ന നെൽവിത്തുകൾ :

ചെന്നല്ല്, കരിഞ്ചന്നെല്ല്, കുട്ടിവിത്ത്, കുറിഞ്ഞി, കോഴിവാലൻ, വെള്ളക്കോഴിവാലൻ, പൊന്നാരിയൻ, കഴമ, പറമ്പൻ കഴമ, മുണ്ടകൻ, അരിക്കിരാലി, പയ്യനാടൻ, ഒന്നിടിയൻ, മൂവാലി, പുത്തനാടൻ, മോടൻ, ചെറുമോടൻ, മലയുടുമ്പൻ, കരിമ്പാല, ആരിയൻ, കാളി, വട്ടൻ, മുടടപ്പള്ളി, നവര, കോഴിവാള, കുട്ടനാടൻ, ചെപ്പിലക്കാടൻ, കൂവളക്കാടൻ, കുമ്പളവൻ, ചെന്താർമണിയൻ, വെള്ളത്തായൻ, കരിങ്കാളി, അരിക്കുറുമ, ആരിയങ്കാളി, തനിക്കാളി, ചേരണാലി, സ്വർണാലി, കറുത്ത എരുമക്കാലി, ചിറ്റേനി, കാടക്കഴുത്തൻ, വെള്ളക്കുറിഞ്ഞി, കരങ്കുറിഞ്ഞി, ആനച്ചെമ്പാൻ, കല്ലുണ്ടച്ചെമ്പാൻ, ചെഞ്ചമ്പാൻ, ഈർക്കിലിച്ചെമ്പാൻ, കോതമ്പുചെമ്പാൻ, വെട്ടിക്കുട്ടാടൻ, പാണ്ടി, ചെറുപാടി, ആനക്കൊമ്പൻ, തുളുനാടൻ, ചെറ്റാരിയൻ, മണലാരിയൻ, കുറുവ, കറുത്ത കുറുവ, പറമ്പൻ, ചെറിയ പറമ്പൻ, അയനി, ചെറിയാരിയൻ, പൊക്കാളി, ചെറുപൊക്കാളി, കൂര, കൊളവാഴ, വെള്ളക്കുട്ടാടൻ, സീതഭോഗം, ഉഴുതുവിരട്ടി, എടക്കുറുമ, കാര, പൂങ്കാര, വശനം, ചെമ്പാവ്, മുളകുചെമ്പാവ്, ചീരകച്ചെമ്പാവ്, കൽക്കുമ്മായൻ, തിരുപ്പുകിൽ, കുങ്കുമച്ചെമ്പാവ്, പുഴുകുചെമ്പാവ്, വെള്ളക്കാരു, എളക്കാരു, ചെമ്പളം, പൂമ്പാള, മട്ടക്കാരു – 87 തരം നെൽവിത്തുകൾ. ഒരു വിത്ത് പല നാട്ടിൽ പല പേരിൽ അറിയപ്പെടുന്നതിനാൽ എണ്ണം കൂടിയിട്ടുാവാം. എന്നാലം 50-ലധികം വിത്ത് ഉായിരുന്നുവെന്ന് ഉറപ്പായി പറയാം.

കഥ

സി. എം. സുജിത്ത് കുമാർ



# അന്തസ്സ്

രണ്ടാളും കൂടിയാണ് പൈക്ക് പുല്ലരിഞ്ഞത്. രണ്ടുകെട്ട് പച്ചപ്പുല്ല് വല്ലത്തിൽ കൊണ്ടിട്ട്, പിന്നാമ്പുറത്തെ തെങ്ങിന്റെ ചോട്ടിൽ നിന്നാണ് രണ്ടാളും കുളിച്ചത്.

കോരന്റെ പുറം അത്തിട്ട് തേച്ചുകൊടുക്കും, പാറു. മുടി അഴിച്ചിട്ട് കുനിഞ്ഞ് നില്ക്കുന്ന പാറുവിന്റെ തലയിലേക്ക് കോരൻപോർന്നുകൊടുക്കും.ഇതിലൊന്നുംകെമിസ്ട്രിയും ബയോളജിയും അന്വേഷിക്കേണ്ട കാര്യമില്ല. തികച്ചും സ്വാഭാവിതമായ പതിവ്.

ഇടവഴിയിലൂടെപോവുന്നോര്എത്തിനോക്കുന്നുണ്ടാവും. സാമിമാരുടെ ശരണം വിളിയുടെ താളം വെറുതെ നീണ്ടുപോവുന്നുണ്ടാവും. എന്തിന് ? ഒളിഞ്ഞുനോക്കികളുടെ വിസിലടിയും ചിരിയും ശരണം വിളിയും അവർക്ക് മൈരാണ് !

ഇന്നലെ ഉമ്മർക്കാന്റെ മോളുടെ കല്ല്യാണത്തലേന്നായിരുന്നു.രാത്രിബിരിയാണി തിന്നാനുള്ള പോക്കും ഇരിപ്പുംസ്വകാര്യം പറച്ചിലും ചെക്കന്മാർക്കു മാത്രമല്ല കുടുംബശ്രീയിലെ കുല സ്ത്രീകൾക്കും ഒരു തമാശയാണ്.അയിമ്പതുകഴിഞ്ഞാൽഓക്കുംപുരുവനുംപ്രേമിച്ചുകൂടെന്നാണ് അവരുടെ വിചാരം.



അതെല്ലാം പോട്ട്. ഓാറെ ചൊറിച്ചിലിന് നമ്മള് എന്തിന് മഞ്ഞള് തേക്കണം.

ഏത് വിരുന്നിന് പോയാലും പാറു ചിക്കൻ കഴിക്കില്ല. പണ്ട്, വീട്ടിൽ കോഴിയെപോറ്റിയിരുന്നപ്പോൾഅയിറ്റിങ്ങ കൂട്ടത്തോടെ തീട്ടം തിന്നുന്ന കാഴ്ച പാറു കണ്ടിരുന്നുവതത്രെ ! അതുകൊണ്ട് ഒന്നുകിൽ വെജ് അല്ലെങ്കിൽബീഫ്-അതേപാറുകഴിക്കൂ. കോരൻപക്ഷെ,അങ്ങനെയല്ല. എന്തും തിന്നും. ആദ്യം ചിക്കൻ. രണ്ടാംവട്ടം വരുമ്പോൾ ബീഫ്. അങ്ങനെ പണ്ടേ ശീലിച്ചുപോയി. അതുകൊണ്ട്. അല്ലാണ്ട് ബെറി മൂത്തിട്ടൊന്നുമല്ല.

കോഴിയുംപോത്തും വയറിൽക്കിടന്ന് അച്ചുതൊട്ടു കളിക്കും. അയമോദക വായുഗുളികകൊണ്ട് ഒടുവിൽ അവരെ അടക്കും. ഇതാണ് പതിവ്.

തിക്കിത്തിരക്കി തിന്നാനിരുന്നപ്പോൾ, അത്ഭുതം തന്നെ, തൊട്ടുമുന്നിൽ രാമേന്ദ്രൻ മാഷും സീത ടീച്ചറും.

അഞ്ചാംക്ളാസ്സുവരെപാറുവിന്റെക്ളാസ്സ് മേറ്റായിരുന്നരാമേന്ദ്രൻ. 'ഓർമ്മയുണ്ടോ' എന്ന മാഞ്ഞാളത്തോടെപാറുചിരിച്ചു.മറക്കാൻപറ്റോഎന്നആമുഖത്തോടെരാമേന്ദ്രനും ചിരിച്ചു.

കോരനോട്,“ സുഖമല്ലേ, എന്തുചെയ്യുന്നു?”എന്ന്മാഷ്കുശലാന്വേഷിയായി. അഗ്രിബിസിനസ്സ് എന്നു പറയാനൊരുങ്ങിയതാണെങ്കിലും തെറ്റിപ്പോകുമോ എന്നപേടിയിൽകൃഷിഎന്ന്വേഗത്തിൽ പറഞ്ഞ് കോരൻ ചിരിച്ചു.

കല്ല്യാണവീട്ടിലെ ചിരികളെല്ലാം അഭിനയമാണെന്ന് പ്രത്യേകം പറയേല്ലോ.പാറുപക്ഷേ,ചിരിച്ചില്ല.വെറുതെഒരു ദീർഘശ്വാസമെടുത്ത് സീതടീച്ചറുടെ മുഖത്ത്നോക്കി...

പാറുവും രാമേന്ദ്രനും പണ്ട് പ്രണയിച്ചിരുന്നെന്നും ഒന്നാവാൻ പറ്റാത്തസങ്കടമാണ്ഈദീർഘശ്വാസമെന്നും ചിന്തിച്ചുകൂട്ടണ്ട. അങ്ങനെയൊന്നുമല്ല.പാറുവിന്ഇടയ്ക്ക് അങ്ങനെ ശ്വാസം വിടുന്ന ഒരു സ്വഭാമുണ്ട്.

ഇങ്ങോട്ടൊരുചോദ്യത്തിന്അങ്ങോട്ടൊന്ന് വേണമെന്നാണല്ലോ നാട്ടുനടപ്പ്. അതുകൊണ്ടാവണം “മാഷെന്തു ചെയ്യുന്നു” എന്നൊരു പൊട്ടച്ചോദ്യം കോരന്റെ വായിൽനിന്ന് ചവിട്ടിത്തുള്ളി പുറപ്പെട്ടുവന്നു.

ഉടൻ വാക്കുകളെകടിച്ച്അമർത്തിപ്പിടിച്ച്ഒരുവിധംമനുഷ്യനായി.മാഷന്മാരുടെ പലതരം കൃഷിയെപ്പറ്റി കോരന് ചിലതെല്ലാം അറിയാം. എന്നാലും...

അപ്പോഴേക്കും ബിരിയാണി എത്തി.

ആദ്യംചിക്കൻവന്നു.പിന്നാലെബീഫും .മാഷും ടീച്ചറും വെജിറ്റബിളിനായി കാത്തിരുന്നു. പോത്തിനെ കടിച്ച് വലിച്ച്ഉലർത്തിയെടുത്ത്ആസ്വദിക്കുന്ന പാറുവിന്റെ മുന്നിലേക്ക് തെല്ലു കുസൃതിയോടെ ‘‘എന്തെങ്കിലും വർക്ക് ചെയ്യുന്നുണ്ടോ?’’ എന്നൊരു അന്തസ്സുള്ള ചോദ്യം, നന്നായി സ്പിൻ



ചെയ്ത് ലെഗിൽ കുത്തി വിക്കറ്റിലേക്ക് കറങ്ങി വന്നു.

സീതടീച്ചറുടെ ഡെലിവറിയായിരുന്നു. ആ വരവ് കണ്ട് പാറു ഒന്ന് പകച്ചു. പെട്ടെന്ന് ബാക്ക് ഫൂട്ടിലേക്ക് ഒതുങ്ങേണ്ടിവന്നെങ്കിലും ‘‘ഇല്ലില്ല.... അവൾ ഹൗസ് വൈഫാണ്’’ എന്ന മറുപടി കൊണ്ട് കോരൻ ഇടയിൽക്കയറി നൈസായി ചോദ്യത്തെ ഡിഫന്റ് ചെയ്തു.

ആ സമയം പാറു കോരന്റെ കാലിൽ അമർത്തിഒരു ചവിട്ട് ചവിട്ടി. ഭീകരമായ ധ്വനി ഒളിപ്പിച്ചുവച്ച ചവിട്ടായിരുന്നു അത്. അന്നേരം പാറുവിന്റെ മുഖത്ത്

തന്നെ നോക്കിയിരുന്ന രാമേന്ദ്രൻ മാഷ് തന്റെവായിൽഊറിവന്നകൊതിവെള്ളം അറിയാതെഇറക്കിപ്പോയി. ഉടനെ ബീഫിന്റെ രണ്ട് പീസ് കൂടി വാങ്ങി ചവച്ചിറക്കി, അടുത്ത ഓവർ തന്റേതാണെന്ന് സങ്കൽപ്പിച്ച് പാറു സീതയുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ബൗൾ ചെയ്തു.

"ടീച്ചർഎന്തെങ്കിലുംവർക്ക്ചെയ്യുന്നുണ്ടോ ?"

ഒരു നോബോളിനെ ട്രീറ്റ് ചെയ്യുന്ന ലാഘവത്തോടെ,ഞാൻ ടീച്ചറല്ലെ എന്ന് സീതടീച്ചർ പൊട്ടിച്ചിരിച്ചു.

ഓർക്കാപ്പുറത്ത് ഒരു ഫ്രീ ഹിറ്റ് കിട്ടിയ ആഹ്ളാദംആചിരിയുലുണ്ടായിരുന്നു. പക്ഷെ,ആഡെലിവറി നോബോളെന്നോ വൈഡെന്നോ തോന്നിപ്പിക്കുന്ന കിടിലൻ ഗൂഗ്ളിയായിരുന്നുവെന്ന് പിന്നീടാണ് മനസ്സിലായത്.

"വീട്ടിലും ടീച്ചറാണോ? എന്ന പാറുവിന്റെ രണ്ടാം ചോദ്യം ശരിക്കും ഒരു യോർക്കർ ആയിരുന്നു. അതു പക്ഷെ, ചെന്നു കൊണ്ടത് രാമേന്ദ്രൻ മാഷുടെ മുമ്പിൽ സ്റ്റമ്പിലായിരുന്നു. അപ്പോഴേക്കും വെജ് ബിരിയാണി എത്തിയത് നന്നായി.

പിന്നെ, ടേബിളിൽ നടന്നത് ഒരു മൗനയുദ്ധമായിരുന്നു. ഇടയ്ക്കെപ്പോഴോ രണ്ട് ഹൗസ്ഹസ്ബന്റുമാർ പൂച്ചകളെപ്പോലെമീശചലിപ്പിക്കുകയുംപുലിയെന്ന്അഭിനയിക്കുകയുംഉള്ളിൽകരഞ്ഞുകൊണ്ട് കൈകാലിട്ടടിക്കുകയും ചെയ്തു.

●

**ധാരാവി..... ബാക്കി**

പ്രകാരം 270 പേർ മാത്രമാണ് മരിച്ചത്. 166 രോഗികളാണ് ചികിത്സയിലുള്ളത്.

സ്വകാര്യ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും മുനിസിപ്പാലിറ്റിയും ജനങ്ങളും കോവിഡ് മഹാമാരിക്കെതിരായ യജ്ഞത്തിൽ ജാകരൂകരായി ഒറ്റക്കെട്ടായിപ്രയത്നിച്ചു.മാഹാദുരന്തത്തിൽ നിന്ന് ധാരാവി രക്ഷപ്പെട്ടുവെന്ന് പറയാം. ധാരാവിയുടെ പ്രവർത്തനം ലോത്തിന് മാതൃകയാണെന്ന് WHO തന്നെ പ്രശംസിക്കുകയുായി. വൃത്തിഹീനമായ പരിസരത്തോട് പോരടിച്ച് ജീവിക്കുന്നതിലൂടെ നേടിയ പ്രതിരോധ ശേഷിയും കോവിഡിനെതിരായ പോരാട്ടത്തിൽ അവർക്ക് തുണയായിട്ടുാവണം. ചേരിയിലെ തീച്ചൂളയിൽകുരുത്തധാരാവിജനതയ്ക്ക് കോവിഡ് 19 ഒരു വെയിൽ മാത്രം !

●

**ലിറ്ററി ക്ലബ്ബ് കമ്മിറ്റി**

വിഷ്ണുപ്രസാദ് (കൺവീനർ)
എം. ലക്ഷ്മണൻ മാസ്റ്റർ
ശശിധരൻ സി.
തുഷാര എം.
വിപിൻ ടി.
വിനേഷ് യു.
അഭിലാഷ് വി. വി.
അശ്വതി ശങ്കർ
അമൃത വിജയൻ
രാജേഷ് കെ.

തുഷാര എം.



# ഏറ്റവും ലളിതമായ ദുഃഖങ്ങളെ പ്രതി :

ഞങ്ങൾ ചില കാലങ്ങളിൽ മനുഷ്യരെക്കുറിച്ചോർത്തില്ല.
ഏകാന്തവും പരന്നതുമായ ഭൂഭാഗങ്ങൾ,
വെയിലിന്റെ കൊത്തുകളും നിഴലും പതിഞ്ഞ മുഖങ്ങൾ
ഇവ കണ്ടപ്പോൾ
ഏങ്ങലടിച്ചുകൊണ്ട് കടന്നുപോയി.

ക്ഷമ നശിച്ച ഒരുവൻ
സ്വയം പീഡിപ്പിക്കുവാൻ ഒരുമ്പെടും പോലെ
ഞങ്ങൾ കവിതകളെഴുതുമ്പോൾ
ആളുകളവരുടെ സാധാരണ ദിനങ്ങളുടെ
ആശ്രയമില്ലായ്മയിലും നിസ്സംഗതയിലും മുഴുകി.
കൊടുങ്കാറ്റിന്റെ വഴി വരച്ചവിധം
അജ്ഞാത രേഖകളുള്ള
അവരുടെ കൈവെള്ളകളിലൂടെ
ജീവിതം അത്രയും നിസ്സാരമായി ഊർന്നു.
അതു കണ്ട്ീരിക്കെ ചിരിച്ചു.

ഞങ്ങൾ ഒരു കാലത്തും മനുഷ്യരെക്കുറിച്ചോർത്തതേയില്ല
ഇടുങ്ങിയ നഗരങ്ങളിൽ പിൻപാർക്കുമ്പോലെ
അവർ ഞങ്ങളുടെ ബോധത്തെ വരിഞ്ഞപ്പൾ,
പൊള്ളയായ അറകളോട് യുദ്ധം ചെയ്തപ്പോ
നരകത്തിന്റെ കിടങ്ങുകളുലച്ചപ്പോൾ,
പരസ്പരം നോക്കി.

•







ഉഷ രാജീവൻ പി.

# കുഞ്ഞുവൈറസിന്റെ വല്ല്യ വികൃതികൾ

**കണ്ണപുരം ഗ്രാമപഞ്ചായത്ത് ജി. ആർ. സി. കുടുംബശ്രീ അംഗങ്ങൾക്കായി നടത്തിയ കോവിഡ്കാല അനുഭവക്കുറിപ്പ് രചനാമത്സരത്തിൽ രണ്ടാം സ്ഥാനം നേടിയത്.**

ഭൂമിയും വാനവും പ്രപഞ്ചവും എല്ലാം അടക്കിവാഴുന്ന മനുഷ്യൻ സകലജീവജാലങ്ങളെയുംഅടിമകളാക്കി, സകലതും തല്ലിക്കെടുത്തി, ധൂർത്തടിച്ച് ജീവിക്കുകയാണ്. അതിന്റെ ഫലമായി നമുക്ക് ഇന്ന് നന്മകൾ ഓരോന്നും നഷ്ടപ്പെട്ടുകൊിരിക്കുന്നു. സർവ്വവും സഹിക്കുന്ന ഭൂമിയാകുന്ന അമ്മ സഹികെട്ട് എല്ലാറ്റിനും നമ്മോടു പ്രതികാരം ചെയ്യുകയാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് ഇന്ന് നാം അനുഭവിക്കുന്ന കോവിഡ് 19 എന്ന മഹാമാരി.

നാലു ചുമരുകൾക്കുള്ളിൽ ഭൂമി നമ്മെ തളച്ചിട്ടിരിക്കുന്നു. അതിന് ഉപയോഗിച്ചതോ, കൊറോണ എന്ന കുഞ്ഞുവൈറസിനെ. സാധാരണ ജീവിതഗതിയെ അത് തീർത്തും അട്ടിമറച്ചിരിക്കുന്നു. അതിന് ഇരയാവുകയാണ് ഞാനും.

കോവിഡ് 19 എന്ന കൊറോണയെ ആദ്യമായി കേട്ടത് ചൈനയിലാണ്. ഒരുപാട് ജനങ്ങൾമരിച്ചുകൊണ്ടേയിരുന്നു. അന്ന് ഞാൻ വിചാരിച്ചത് ഈ കോവിഡ് 19 എന്ന മഹാമാരി നമ്മുടെ രാജ്യത്ത് ഉണ്ടാവില്ലെന്നാണ്. പക്ഷെ, അധികം വൈകാതെ തന്നെ നമ്മുടെ നാട്ടിലും എത്തി. അപ്പോൾ ഞാൻ വളരെയധികം പേടിച്ചു. എന്നെ മാത്രമല്ല നമ്മുടെ കൂടപ്പിറപ്പുകളെയും അ.ൽക്കാരെയും പറ്റി ചിന്തിക്കും. ഞാൻ സാമൂഹ്യപ്രവർത്തനം ചെയ്യാൻ താല്പര്യമുള്ള വ്യക്തിയാണ്. പക്ഷെ, പേടിച്ച് പുറത്തിറങ്ങാൻപറ്റാതായി.പുറത്തിറങ്ങി അസുഖം വന്നാൽ നമ്മുടെ കുഞ്ഞുങ്ങളും കൂടപ്പിറപ്പുകളും അയൽക്കാരും ഒക്കെവിഷമത്തിലാകും.അതുകൊണ്ടുതന്നെതീരെപുറത്തിറങ്ങിയില്ല.മാസത്തിൽ ഒരു തവണ മാത്രം സാധനങ്ങൾ വാങ്ങാൻ പുറത്തുപോകും.

കോവിഡ്19ന്റെ ആദ്യ ദിവസങ്ങളിലൊക്കെ ഞാൻ വീട്ടിൽത്തന്നെയായിരുന്നു. ലോക്ഡൗൺ തുടങ്ങുന്നതിനുമുമ്പായി കുറച്ചധികം അരിയും ഉപ്പും മുളകും വാങ്ങിവച്ചു. കുറച്ചു സമാധാനമായി. എനിക്കിത് ധാരാളം. എന്റെ വീട്ടിൽ ഞാനുംമോളുംകൊച്ചുമോനുംമാത്രമേയുള്ളൂ. അതുകൊുതന്നെഉള്ളതുകൊണ്ട് ഓണംപോലെ കഴിയാമെന്ന് സമാധാനിച്ചു. പിന്നീട് ഞാൻ കുറെയധികം മാങ്ങ ഉപ്പിലിട്ടുവച്ചു. കൂടാതെ ഈ സമയത്ത്



ആറെട്ട്വാഴക്കുലയുംഎന്റെവാഴത്തോട്ടത്തിലുായി. മിക്കവാറും ദിവസങ്ങളിൽ കഞ്ഞിയും കായ വറുത്തതും കാമ്പ് വറുത്തതും ഉപ്പിലിട്ടതുമൊക്കെയാണ് ഉാക്കിയിരുന്നത്.

ലോക്ഡൗൺ കാലത്ത് ഞാൻ കുറെ വാഴനട്ടു;ചെടികളുംനട്ടു.പച്ചക്കറിത്തോട്ടമുാക്കി – വെണ്ട, പയർ തുടങ്ങിയവ. ഗ്രോബാഗിലാണ് നട്ടത്. ചിലതൊക്കെ നന്നായി. ധാരാളം ഇലകളൊക്കെ ഉണ്ടായി. അതുകൊണ്ട് ഇലക്കറികൾ ഉണ്ടാക്കി. നമ്മൾ ഉണ്ടാക്കിയ പച്ചക്കറികളുംഇലക്കറിയുംതോരനുമൊക്കെ കഴിക്കുമ്പോൾ പിന്നെയും പിന്നെയും ഒരുപാട് പച്ചക്കറി നടാനുള്ള താല്പര്യം ഉണ്ടായി. ഇപ്പോൾ എന്റെ ദിവസത്തിന്റെ മുക്കാൽ ഭാഗവും ചെലവഴിക്കുന്നത് ഇങ്ങനെത്തന്നെയാണ്. അതുപോലെ എന്റെ മുറ്റത്ത് ഒരുപാട് ചെടികളും പൂക്കളും ഉണ്ട്. രാവിലെ ഉണർന്നാൽ എന്റെ കൃഷിയും പൂക്കളും കാണുമ്പൾ നല്ല രസമാണ്.

ഞാൻ പുറത്തൊക്കെ പോയിവന്നാ

ബാക്കി പേജ് 41 – ൽ



# കോവിഡ് 19

സാർസ് (SARS) വൈറസുമായി അടുത്ത ബന്ധമുള്ള വൈറസാണ് സിവിയർ അക്യൂട്ട് റെസ്പിറേറ്ററി സിൻഡ്രോം കൊറോണ വൈറസ് 2. 2019 നോവൽ കൊറോണ വൈറസ് (nCoV19) എന്ന പേരിൽ അറിയപ്പെടുന്ന ഈ വൈറസാണ് ഇപ്പോഴത്തെ കൊറോണ വൈറസ് രോഗത്തിന് (COVID19) കാരണമായിട്ടുള്ളത്. ശ്വാസകോശത്തെയാണ് രോഗം ബാധിക്കുന്നത്.

2019 നവംബറിൽ ചൈനയിലെ വുഹാനിലാണ് രോഗം ആദ്യമായി പൊട്ടിപ്പുറപ്പെട്ടത്. 2020 മാർച്ച് 11ന് കൊറോണ വൈറസ് രോഗം പാൻഡെമിക് ആയി ലോകാരോഗ്യ സംഘടന പ്രഖ്യാപിച്ചു. പല ഭൂഖണ്ഡങ്ങളിലേക്കോ ലോകമാസകലമോ പടർന്നുപിടിക്കുന്ന തരം പകർച്ചവ്യാധിയെയാണ് വൈദ്യശാസ്ത്രത്തിൽ പാൻഡെമിക് എന്നു വിളിക്കുന്നത്. ഗ്രീക്കു ഭാഷയിലെ PAN (എല്ലാം), DIMOC (ജനത) എന്നീ വാക്കുകളിൽ നിന്നാണ് ഈ പദമുായത്.

രോഗബാധിതർ സാധാരണ പ്രകടിപ്പിക്കുന്ന ലക്ഷണങ്ങൾ പനി, ചുമ, ശ്വാസം മുട്ടൽ എന്നിവയാണ്. ഇവ ഗുരുതരമായി ന്യൂമോണിയ, അക്യൂട്ട് റെസ്പിറേറ്ററി ഡിസ്ട്രെസ് സിൻഡ്രോം എന്നിവയിലേക്കു നയിച്ചേക്കാം. രോഗാണു ഒരാളുടെ ശരീരത്തിൽ പ്രവേശിച്ചാൽ അടയിരിപ്പുകാലം ശരാശരി 5 ദിവസമാണെങ്കിലും ഇത് 14 ദിവസം വരെ നീണ്ടുപോകാം.

രമ്യ രഞ്ജിത്ത്



# ആത്മാവിനോട്

ഏകാന്തനാളമായുരുകുന്ന ജീവന്റെ
മിഴിനാളമണയാൻ തുടങ്ങിടുമ്പോൾ
മറയുന്നുവോർമ്മകൾ മൂകസന്ധ്യേ ഇന്നിനി-
എത്രനേരം നീ കൂട്ടിരിക്കും.

ഈ നീണ്ട ജീവിതയാത്രയിലിന്നോളം
ചൊല്ലുക നീ നിനക്കെന്തു നേടി
തിരതല്ലിയുടയുന്ന പോലെന്റെ മോഹങ്ങൾ
കണ്ണുനീർത്തുള്ളിയാലടരുന്ന വേദന

മഴ വന്നു മണ്ണിനെ പുണരുമീ സന്ധ്യയിൽ
മിഴിനീരൊരതിഥിയായ് വന്നെത്തി നോക്കി
ഈ മിഴിനീരൊരതിഥിയായ് വന്നെത്തി നോക്കി

വിജനമാമീ വഴിത്താരയിൽ നിറയുന്നു
മണ്ണിന്റെ ഗന്ധവുമോർമ്മകളും
മഴ ചാറി നിറയുന്നൊരീയിടവഴിയിലായ്
നിറയുന്നു മധുരമാം ബാല്യകാലം.



ഓരോ ദിനങ്ങളുമോരോ ദളങ്ങളായ്
കൊഴിയുന്നതന്നു ഞാനറിയാതെ പോയ്
ഇനിയില്ല തിരികെയോർമമകളല്ലാതെ
ഒന്നുമെൻ കൂട്ടിനായീനിമിഷം.

തെല്ലൊരു ദയയുമില്ലാതെമിഴിരണ്ടും
പിരിയാതെയൊരുമിച്ചിടാനൊരുങ്ങി
നാളെയെൻ ഓർമ്മകൾ പോലുമില്ലാതെ
ഒരു ചുവർച്ചിത്രമായ് മാറിടുമ്പോൾ
ഇന്നീവേള ഞാനെനിക്കെന്തു നേടി
ഇന്നീവേള ഞാനെനിക്കെന്തു നേടി.

മൂകമായ് ഞാനെന്നിലൊതുക്കിയ മോഹങ്ങൾ
ഒരു വർണ്ണശലഭത്തിൻ ചിറകുപോലറ്റുപോയ്
വർണ്ണങ്ങൾ വാരിവിതറാതെൻ ബാല്യകൗമാരങ്ങൾ
എന്തിനായ് ഞാനന്നൊളിച്ചു വച്ചു.

ആർദ്രമാം ജീവിത യാത്രയിലിന്നിതാ
അണയുന്ന തിരിയുടെ സ്പന്ദനങ്ങൾ
അണയാൻ തുടങ്ങുമീ നേരത്തു ചൊൽക നീ
ഈ വേള നീ നിനക്കെന്തു നേടി......?

●

കഥ

അശ്വതി ശങ്കർ



# സർഗ്ഗ കലാപം

യുവചേതന ചെമ്മരവയൽ നടത്തിയ ഓൺലൈൻ ഓണാഘോഷ പരിപാടിയിൽ പൊതുവിഭാഗം കഥാരചനയിൽ ഒന്നാം സ്ഥാനം നേടിയത്.

അവൾ അങ്ങനെയായിരുന്നു. അവളുടെകഴിവുകൾക്ക്ജീവൻപകരാൻ കലാലയത്തിൽ ക്യാൻവാസുകൾ ഉണ്ടായിരുന്നില്ല. എന്തിനു പറയണം അവളുടെ കഴിവിനു പ്രചോദനമേകാൻ ഒരു ഉറുമ്പുപോലും വന്നില്ല. അങ്ങനെ ഒരു ദിവസം

"മായാ....ഞാൻ ഉദയ്. ഏറെ നാളായ് നിന്നെഞാൻ ശ്രദ്ധിക്കാൻ തുടങ്ങിയിട്ട്. നിനക്ക് ഞാനുണ്ടെടോ. നീ വരച്ചോ. മനസ്സ് തുറന്നു വരച്ചോ."

അവൾക്കആവാക്കുകൾസമ്മാനിച്ചസന്തോഷം ചെറുതൊന്നുമായിരുന്നില്ല.

ജീവൻ വെയ്ക്കാൻ വിതുമ്പിയ അവളുടെ കഴിവുകൾ അവൾക്ക് കലാലയത്തിന്റെവികൃതമായചുമരുകൾ കാട്ടിക്കൊടുത്തു. ആ ചുമരുകളിൽ അവൾമലാലയെയുംആൻഫ്രാങ്കിനെയുംവരച്ചു.പിന്നീട്അവളുടെസുന്ദരമായ പുഞ്ചിരി മുഖത്തുനിന്ന് മായാതെയായി.

"മായാ, എനിക്ക് നിന്നെ ഒരുപാട് ഇഷ്ടമാണ്. നിന്റെ മനസ്സ് എനിക്ക് വായിച്ചെടുക്കാൻ കഴിയും. പേടിക്കേണ്ട. ആത്മാർത്ഥ സുഹൃത്ത് എന്ന് മാത്രമേ ഞാൻ ഉദ്ദേശിച്ചിട്ടുള്ളൂ."

"അതിനെന്താ. എനിക്കും ഈ സുഹൃത്തിനെ ഒത്തിരി ഇഷ്ടമാ". മായ പറഞ്ഞു.

കലാലയ ജീവിതം പിന്നീട് ഏറെ



സന്തോഷംനിറഞ്ഞതായിഅവർക്ക്അനുഭവപ്പെട്ടു.പ്രണയിനികൾഅല്ലെങ്കിൽക്കൂടിലവേഴ്സ് കോർണറും കാന്റീനും അവരുടെ സ്ഥിരം സ്ഥലമായി.

അങ്ങനെ ഒരുദിവസം കലാലയത്തിന്റെ മിക്ക ചുമരുകളും മനോഹരമായത് പ്രിൻസിപ്പാൾ കണ്ടു. അദ്ദേഹം അവളെ ഓഫീസിലേക്ക് വിളിപ്പിച്ചു.

“മായാ...മനോഹരമായ ചിത്രങ്ങൾ! പക്ഷെ, ഇവിടത്തെ ചുമരുകൾക്ക് ആ ചിത്രങ്ങൾ ആവശ്യമില്ല. അത് മായ്ച്ചു കളയണം. ഇനി അത് അവിടെ കണ്ടാൽ നിന്നെ കോളേജിൽ നിന്നും സസ്പെന്റ് ചെയ്യും.”



ഇത് കേട്ട് കണ്ണീരോടെ അവൾ തിരികെ നടന്നു.അന്ന്കോളേജിലെസർഗ്ഗവേദിയുടെഉദ്ഘാടനമായിരുന്നു.കയ്യിലെവിടെയോ പറ്റിയ നിറം മായിച്ചുകൊണ്ട് അവൾ നടന്നപ്പോൾ മുകളിൽഓഡിറ്റോറിയത്തിൽഉച്ചഭാഷിണിയിൽ നിന്ന് ധ്വനിച്ച ഒരു വചനം അവളുടെ കാതുകളെ അസ്വസ്ഥമാക്കി.

‘‘നിശബ്ദ വിധേയമല്ല, സർഗ്ഗ കലാപങ്ങളാണ് കലാലയങ്ങൾ’’. അവൾക്ക് പൊട്ടിക്കരയാൻ തോന്നി. തന്റെ ഉറ്റ സുഹൃത്തിന്റെ മുഖം കണ്ട ഉടനെത്തന്നെ ഉദയ് ചോദിച്ചു :

“എന്താണ് മായ ? എന്താ പറ്റിയേ ?” പെട്ടെന്ന് അവനെയുംകെട്ടിപ്പിടിച്ച്അവൾപൊട്ടിക്കരഞ്ഞു.

എല്ലാം പറഞ്ഞു കഴിഞ്ഞപ്പോൾ ഉദയ്ക്ക് അറിയില്ലായിരുന്നുഎന്ത്പറയണമെന്ന്.വീട്ടിലെ സങ്കടങ്ങൾക്കിടയിൽ മായ മനസ്സുതുറന്ന് ചിരിക്കുന്നത് ഈകലാലയത്തിൽ നിന്നാണ്. എന്നിട്ടിപ്പോൾ അവൾക്കിവിടെയും സങ്കടം! സാരമില്ല.കലാലയവിനോദയാത്രഅവൾക്ക്നല്ല ആശ്വാസം നൽകുമായിരിക്കും.അവൻ ആശ്വസിച്ചു.

ഒരാഴ്ച കഴിഞ്ഞു. ആ മനോഹര ദിനം വന്നെ

ത്തി. വിനോദയാത്ര! വേനൽക്കാലത്ത് സാധാരണയുള്ളചൂടിനേക്കാൾഅധികംചൂടുള്ളതുകൊണ്ട്മലകളുംപുഴകളുമൊക്കെയായിരുന്നുഅവർതെരഞ്ഞെടുത്തത്.

മായ ബസ്സിന്റെ ജനാലയ്ക്കരികിൽ തന്നെ സീറ്റ് പിടിച്ചിട്ടുണ്ട്.അവളുടെ കണ്ണുകൾകുത്തിയൊഴുകുന്ന കാഴ്ചകൾക്കുമപ്പുറം എന്തിനെയോ തേടുകയാണ്. ഉദയ് അതു മനസ്സിലാക്കിയതുകൊണ്ടു തന്നെ അവളുടെ അരികിൽ ഇരുന്നു. അവളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. ഒന്ന് ചിരിപ്പിക്കാൻ തന്നെ ഏറെ പാടുപെട്ടു.

ആദ്യംഗോദാവരിപ്പുഴയുടെതീരത്തേക്കാണ്യാത്ര.അവിടെയെത്തും വരെ അവൾ അധികെമൊന്നും തന്നെ സംസാരിച്ചുരുന്നില്ല.

എടോ,നീഎന്തെങ്കിലുംപറയെടോ.അവൾഒരുപുഞ്ചിരി മാത്രം സമ്മാനിച്ചു.

ഞങ്ങൾബസ്സിൽനിന്നിറങ്ങി.ഒരുനിമിഷംഎന്റെശ്രദ്ധകൂട്ടുകാരിയിലേക്കു തിരിഞ്ഞു. പിന്നീട് അവളെ കണ്ടില്ല. ഒരു നിലവിളി മാത്രം ! അതെ. ആ പുഴയിൽഅവൾ...!

ഒരുഭ്രാന്തനെപ്പോലെ, സ്തബ്ധനായി നിന്നതല്ലാതെ മറ്റൊന്നും എനിക്കറിയില്ല.

അവളെന്ന പുഴയിൽ .... ഞങ്ങളുടെ സ്നേഹം അറിയാതെ....അല്ല ! എന്റെ സ്നേഹമെന്ന ജലം ഉണ്ടെന്നറിയാതെ ഈ വേനൽക്കാലത്ത് എന്നെയും തനിച്ചാക്കി അവൾഅകലേയ്ക്കു മറഞ്ഞു. മരിക്കുവാൻ ആഗ്രഹമുങ്കിൽ പോകുമായിരുന്നു ഞാൻ അവളുടെ കൂടെ ! മറക്കില്ല മരിക്കുവോളം.

"നിശബ്ദ വിധേയമല്ല, സർഗ്ഗ കലാപങ്ങളാണ് കലാലയങ്ങൾ".

●



എന്റെ സ്നേഹമെന്ന ജലം ഉണ്ടെന്നറിയാതെ ഈ വേനൽക്കാലത്ത് എന്നെയും തനിച്ചാക്കി അവൾ അകലേയ്ക്കു മറഞ്ഞു.

ഗൗതം സുജിത്ത്

# നൊബേൽ നേട്ടത്തിലും പെൺ കരുത്ത്



**കെ**മിസ്ട്രിക്കുള്ള ഇത്തവണത്തെ നൊബേൽ സമ്മാനം രണ്ടു വനിതകൾക്കാണ്. ഇമ്മാനുവൽ ഷാർപെന്റിയെ, ജെന്നിഫർ ഡൗഡ്ന എന്നിവർക്ക്. ചരിത്രത്തിൽ ആദ്യമാണ് രണ്ടു വനിതകൾ രസതന്ത്ര നൊബേൽ പങ്കിട്ടെടുക്കുന്നത്.

ജനിതകഎഡിറ്റിംഗിന് സഹായിക്കുന്ന ഒരുശാസ്ത്രസൂത്രംകണ്ടെത്തിയതിനാണ് ഇരുവർക്കും പുരസ്കാരം നല്കുന്നത്. ഇനി, എന്താണ് ഇവർകണ്ടുപിടിച്ചതെന്ന് നമുക്ക് നോക്കാം.


Emmanuelle Charpentier — Jennifer A. Doudna

ഒരു കുഞ്ഞു വൈറസ്വിചാരിച്ചാൽ നമ്മുടെ ജീവിതം തന്നെ മാറ്റിമറിക്കാൻ സാധിക്കുമെന്ന് നാം കണ്ടുകൊണ്ടിരിക്കുകയാണ്.ഓരോരോവൈറസിനും അതിന്റേതായ ഘടനയുണ്ട്. അതുപോലെമനുഷ്യർക്കുംമറ്റ്ജീവജാലങ്ങൾക്കും ഉണ്ട്. ജീവജാലങ്ങളുടെ ഘടന നിർണ്ണയിക്കുന്നത് DNA ആണ്. ഓരോജീവന്റെയുംപ്രവർത്തനനിർദ്ദേശങ്ങളുടെ വലിയൊരു പട്ടികയാണ് ഓരോരുത്തരുടെയും DNA. അതായത് നമ്മുടെസ്വഭാവത്തിനുംശരീരപ്രവർത്തനങ്ങൾക്കുമെല്ലാം കാരണം ജനിതക ഘടന അഥവാ DNAയിൽ കൊരുത്തിരിക്കുന്ന ആയിരക്കണക്കിന് ജീനുകളുടെപ്രവർത്തനമാണ്.രണ്ടു വ്യക്തികളുടെDNA ഒരിക്കലുംഒരുപോലെആവില്ല.എന്തെങ്കിലുമൊക്കെവ്യത്യാസങ്ങൾ അവ തമ്മിൽ ഉണ്ടാവും. എന്നിരുന്നാലും,എല്ലാമനുഷ്യരുടെയും ജീനോമുകൾ തമ്മിൽ ആകെയുള്ള വ്യത്യാസം 0.01 ശതമാനമാണെന്ന് കണക്കാക്കുന്നു. ആ വ്യത്യാസം പക്ഷെ, വ്യക്തികളിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കുന്നു്.

DNA (Dioxy Ribulose Nuleic Acid) യിൽ വരുന്ന മാറ്റങ്ങളാണ് പലതരത്തിലുള്ളഅസുഖങ്ങൾക്ക്കാരണമാകുന്നത്.ക്യാൻസറും ഈ അസുഖങ്ങളിൽ പെടും. ഓരോ മനുഷ്യന്റെയും ഡി.എൻ.എ. യാണ് അയാളുടെ ഘടന നിശ്ചയിക്കുന്നതെന്ന്നേരത്തെപറഞ്ഞല്ലോ.എന്നാൽ, ഈ ഡി.എൻ.എ. ക്ക് കുറെ പ്രത്യേകതകൾ ഉണ്ട്. ഡി.എൻ.എ.യിലുള്ളജീനുകളാണ് ഒരാളുടെ സ്വഭാവസവിശേഷതകൾ തീരുമാനിക്കുന്നത്. ഈ ജീനുകളിൽ വ്യത്യാസം വരുത്തിയാൽ നമ്മുടെ സ്വഭാവത്തിലും ശൈലിയിലും രൂപത്തിലുംതുടങ്ങിപലതിലുംമാറ്റങ്ങൾ വരുത്താം. എന്തിനു പറയുന്നു, ജനിതകമായി തലമുറകളിലേക്കു പകരുന്ന അസുഖങ്ങൾ വരെ വരാതെ

ഡി.എൻ.എ. ജീനുകൾ ജീവന്റെ ചുരുളുകൾ എന്നാണ് അറിയപ്പെടുന്നത്. ചുറ്റുഗോവണിയുടെ രൂപമാണ് ഡി.എൻ.എ. യ്ക്കുള്ളത്. ഇതിനെ വാട്സൺ ആന്റ് ക്രീക്ക് മോഡൽ എന്നു വിളിക്കുന്നു. 1953–ൽ ജെയിംസ് വാട്സണും ഫ്രാൻസിസ് ക്രീക്കുമാണ് ഈ ഘടന കണ്ടുപിടിച്ചത്.



മനുഷ്യശരീരത്തിൽ ഏതാണ്ട് 35,000 ജീനുകൾ ഉണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്. എലിയിൽ 30,000 മുതൽ 45,000 വരെയും പുഴുവിൽ 19,000 ആണെന്നും ഓർക്കുക. ജീനുകളുടെ സംഖ്യയുടെ കാര്യത്തിൽ മനുഷ്യൻ മറ്റു ജീവികളേക്കാൾ അത്ര ഉയരത്തിലൊന്നുമല്ലെന്നാണ് ഇതിന്റെ അർത്ഥം.

നോക്കാം. (ജീനോം എഡിറ്റിങ്)

ഇത്തരത്തിൽ ജീനുകളെ മാറ്റാനുള്ള വിദ്യ കണ്ടുപിടിച്ചതിനാണ് ഇപ്രാവശ്യത്തെ നൊബേൽ സമ്മാനം രണ്ടു സ്ത്രീകൾക്കു ലഭിച്ചത്.

നമ്മുടെ ഉള്ളിലെ ജീനുകൾ ചിലത് പ്രവർത്തനംനിലച്ചസ്ഥിതിയിലായിരിക്കും. ചിലത് വൈകല്ല്യമുള്ളതാകാം. എന്നാൽ, മറ്റുചിലത്വളരെവേഗത്തിൽ പ്രവർത്തിക്കുന്നവയുമാകും.ഇവയിൽ ഇടപെടാനുംതിരുത്തൽവരുത്താനുംപണ്ടുമുതലേശാസ്ത്രലോകം കിണഞ്ഞു ശ്രമിക്കുന്നുണ്ട്. പക്ഷേ, ഡി.എൻ.എ. യിൽ നിന്നും ഒരു പ്രത്യേക ജീനിനെ മാത്രം വേർതിരിച്ചെടുക്കുകയെന്നത് അത്ര എളുപ്പമല്ല. നാം കരുതുന്നതിലും വളരെ ചെറുതും അതേസമയം സങ്കീർണ്ണവുമാണ് ഒരു ഡി.എൻ.എ. അതിൽ നിന്നും ഒരു ജീനിനെകണ്ടെത്തുക വളരെ പ്രയാസകരമാണ്. എന്നാൽ, കുറെ വർഷങ്ങളായിനടന്നുവരുന്നമോളിക്യുലർഗവേഷണത്തിലൂടെഅസാധ്യമെന്ന് കരുതിയതിനെനാംസാധിച്ചെടുത്തിരിക്കുന്നു. അതാണ് 'ക്രിസ്പർ'

ഇതിലൂടെ വളരെ കൃത്യമായി ഒരു ജീനിനെ മാത്രം വെട്ടിയെടുത്ത് മാറ്റാനും അതിന്റെ പ്രവർത്തനങ്ങളിൽ ഇടപെടാനും ഇനി സാധിക്കും. ഇത് സാധ്യമാകുന്നത് ക്രിസ്പർ എന്ന പുതിയ ജീനോമിക്സ് സാങ്കേതിക വിദ്യയിലൂടെയാണ്.

ക്രിസ്പർ (Clustered RegularlyInter Spaced Short Palindromic Repeats) –ഇതു കണ്ടുപിടിച്ചതിനാണ് ഈ വർഷത്തെ നൊബേൽസമ്മാനംലഭിച്ചത്. മനുഷ്യജീവിതത്തെയും കാർഷിക രംഗത്തെ

യുംമാറ്റിമറിക്കാനുതകുന്നവിപ്ളവകരമായ കണ്ടുപിടിത്തം തന്നെയാണ് ക്രിസ്പർ.

ഈ സാങ്കേതിക വിദ്യയുടെ യഥാർത്ഥ നാമം ക്രിസ്പർ കാസ്-9 (CRISPER Cas 9) എന്നാണ്.കാസ്-9എന്നത്ഒരുഎൻസൈംആണ്. ഒരുകോശത്തിലെ ഡി.എൻ.എ. യെമുറിച്ചുമാറ്റിഅതിന്റെജീനോമിൽവ്യതിയാനംവരുത്തുകയാണ് കാസ്-9 എന്നതിന്റെ സുപ്രധാന ധർമ്മം.

ഇനി കാര്യത്തിലേക്കു വരാം. ഏതു ഭാഗംഡി.എൻ.എ.യെകണ്ടെത്തുകയും ആ ഭാഗത്തിന്റെ പകർപ്പ്(RNA)കൂടെ ചേർത്ത്കാസ്-9 പ്രവർത്തിപ്പിക്കുകയും ചെയ്താൽ ഒരിടത്തും മാറിപ്പോകാതെ നമ്മൾ ഉദ്ദേശിക്കുന്ന ഭാഗം മാത്രം അത് മുറിച്ചുമാറ്റിക്കൊള്ളും. ഇതിലൂടെ ജീനുകളുടെപ്രവർത്തനത്തെനിയന്ത്രിക്കാനും പല രോഗങ്ങളുടെയും സാധ്യതയെയും, രോഗപ്രതിരോധവും മനസ്സിലാക്കാനും സാധിക്കും.

ക്യാൻസർ പോലുള്ള രോഗങ്ങളെ പാടെ ഇല്ലാതാക്കാൻ ഇതിലൂടെ കഴിഞ്ഞേക്കും. ഇത്തരത്തിൽ ക്രിസ്പറിലൂടെമനുഷ്യഭ്രൂണങ്ങളെത്തന്നെ മാറ്റിമറിക്കാൻ സാധിക്കും. വലിയ അത്ഭുതങ്ങളാണ് വരും വർഷങ്ങളിൽ പ്രതീക്ഷിക്കുന്നത്.

വലിയ കണ്ടുപിടിത്തങ്ങൾക്കു പിന്നിൽ പുരുഷന്മാരുടെ സാന്നിദ്ധ്യം പൊതുവെ കണ്ടുവരാറുണ്ട്. മാഡം ക്യൂറിയെപ്പോലുള്ളഅതുല്ല്യപ്രതിഭകൾ അപൂർമായേ ഉയർന്നുവരാറുള്ളൂ. ഇപ്പോൾ കാലം മാറിയിരിക്കുന്നു. ഒരു ഭാഗത്ത്സ്ത്രീകൾആക്രമിക്കപ്പെടുമ്പോഴും മറുഭാഗത്ത് ബുദ്ധിയുടെയും അറിവിന്റെയും കൂടെ നടന്ന് കണ്ടുപിടിത്തങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. ഇത്തരത്തിൽ അവർ ഉയർന്നുവരേണ്ടത് ആവശ്യം തന്നെ. ഇമ്മാനുവൽഷാർപെന്റിയെ,ജെന്നിഫർ ഡൗഡ്ന കൂടാതെ സാഹിത്യത്തിൽ നൊബേൽ സമ്മാനം ലഭിച്ച ലൂയിസ് ഗ്ളക്ക് ഇവരെല്ലാം ഇതിന്റെസൂചനകളാണ്.

●

---

**പേജ് 34 - ന്റെ തുടർച്ച**

ലുടനെ നേരെ കുളിമുറിയിൽ കയറി ഡ്രസ്സൊക്കെ സോപ്പുവെള്ളത്തിൽ ഇട്ടുവച്ച് നന്നായി സോപ്പുപയോഗിച്ച് കുളിക്കും. അതിനുശേഷമേ മറ്റുള്ളവരെ തൊടാറുള്ളൂ. കാരണം കോവിഡ് 19 എന്ന ഈ കുഞ്ഞുവൈറസ്സ് നമ്മുടെ ശരീരത്തിൽനിന്നുംഒഴിവാക്കാൻനമുക്കുള്ള മാർഗ്ഗം ഇതു മാത്രമാണ്. കൂടാതെനല്ലചൂടുവെള്ളവുംകുടിക്കും.കോവിഡ്19നെപ്രതിരോധിക്കാനുള്ളപാനീയവുംവിറ്റമിൻCഗുളികയുംകഴിക്കുന്നത് പതിവാക്കി. ദിവസവും ആവി പിടിക്കും. കോവിഡ് 19 നെ ചെറുക്കാൻ ഞാൻപരമാവധികാര്യങ്ങൾചെയ്യുന്നു. മാസ്ക്ഉപയോഗിക്കാതെപുറത്തിങ്ങില്ല. സാനിറ്റൈസർഎന്നുംകൈയിൽകരുതിവെക്കും.

കോവിഡ്19പ്രതിരോധിക്കാൻഎനിക്ക് അറിയാവുന്നകാര്യങ്ങൾഞാൻചെയ്യുന്നതുപോലെഅയൽക്കാർക്കുംബന്ധുക്കൾക്കുംസ്നേഹിതന്മാർക്കുംപറഞ്ഞുകൊടുക്കും. നമ്മൾ ഓരോരുത്തരും ചിന്തിക്കുക:ഞാൻഒരാൾകാരണംഈമഹാമാരിആർക്കും വരരുതേയെന്ന്.

'വീട്ടിലിരിക്കൂ ; സുരക്ഷിതരാകൂ'

●

കഥ

ദിയ യു



# ഒരു മഴത്തുള്ളി



കാർമേഘ പുത്രിയായ് ഞാൻ പിറന്നു
സോദിരീ സോദരർ വേറെ വന്നു
കലപിലയടിയോടെയൊത്തു ചേർന്നു
താഴേക്ക് വീഴവെ കുഞ്ഞുകൈകൾ
ആമോദത്തോടെ സ്വീകരിച്ചു.

കൈക്കുമ്പിളിൽനിന്ന് തെന്നിമാറി
പിന്നെയും ഞങ്ങൾ ഒത്തുചേർന്നു
ഒന്നിച്ചു നീങ്ങിയ ഞങ്ങൾ പിന്നെ
ഓരോവഴിക്കായി വേർപിരിഞ്ഞു.

പാടത്തും കിണറിലും കുളങ്ങളിലും
ചെന്നവർ നന്നായി സന്തോഷിച്ചു
ഓടയിലും ചെളിക്കുണ്ടിലും വീണവർ
രക്ഷയ്ക്കായ് പിന്നെയും കാത്തിരുന്നു
അരുവിയിലെത്തിയോരെന്റെ നേരെ
പരൽമീനുകൾ വന്നു മുട്ടിനിന്നു.

ദാഹവുമായി വന്ന സ്ത്രീയിതപ്പോൾ
എന്നെയും കോരിയെടുത്തു മോന്തി
എൻജീവശ്വാസം നിലച്ചെന്നു തോന്നി
സങ്കടത്തോടെയുള്ളിൽക്കിടക്കവെ
ഒരുദിനം സ്ത്രീയുടെ കണ്ണുനീർത്തുള്ളിയായ്
ഭൂമിയിൽ വീണ്ടും പിറന്നു വീണു.

●

# ഞാൻ

കഥ
ലീന സുകുമാർ



ട്രെയിനിലെ ഒറ്റ സീറ്റിലിരുന്ന് പതിനേഴികാരികളുടെ ചർച്ചയിൽ കാത് കൊടുത്ത് ഞാനും പങ്കാളിയായി. അതീവ ഗൗരവമുള്ള വിഷയമാണ് -അടുത്ത ജന്മത്തിൽആരാകണം? രസകരമാആഗ്രഹങ്ങളാണ് ഓരോരുത്തർക്കും : ആണാകണം,പെണ്ണാകണം, പൂമ്പാറ്റയാകണം, ആനയാകണം, കുതിരയാകണം... അങ്ങനെയെന്തൊക്കെയോ. എല്ലാറ്റിനും കൗതുകകരമായ കാരണങ്ങളുമുണ്ട്. ഈ കുട്ടികളുടെ ഓരോ ചിന്തകൾ !



ചർച്ചയെ അതിന്റെപാട്ടിനുവിട്ട്ഞാനും ചിന്തിച്ചു തുടങ്ങി. എനിക്കാരാകണം ?

ചിന്തകൾകാട് കയറി. നാൽപ്പതുകളുടെ എൻട്രിപോയന്റിൽനിന്നാണ്ചിന്തിക്കുന്നത്. ഒടുവിൽ തീരുമാനത്തിലെത്തി. എനിക്ക് ഞാനാകണം.

എന്നിട്ടോ ?

എന്നിട്ട്....

പാദസരം കിലുക്കി വീടിനകത്തും മുറ്റത്തും ഓടിക്കളിക്കണം.

പെറ്റിക്കോട്ടിട്ട് മഴ നനഞ്ഞ് കുതിരണം.

കാറ്റത്ത് വീഴുന്ന മാങ്ങയ്ക്കു വേണ്ടി മത്സരിക്കണം. കിട്ടുന്ന മാങ്ങകൾ വൈക്കോൽകൂട്ടയിൽസൂക്ഷിച്ച്മാഞ്ചോട്ടിലിരുന്ന് കടിച്ച്മുറിച്ചു തിന്നണം.

പനി വരുമ്പോൾ അമ്മയുടെ മടിൽ കിടന്ന്ഇല്ലാത്ത'ഓമന'കാട്ടണം.ഓണത്തിന്വയലിലുംകുന്നിലും പോയി തുമ്പപ്പൂവും പുല്ലരിയും പൈറ്റടിയും ഹനുമാൻകിരീടവും പറിച്ച് പൂവിടണം.

സ്കൂളിലേക്ക് പോകുമ്പോഴും വരുമ്പോഴും കക്ക് കളിച്ച് നേരം കൂട്ടണം. റോഡരികിലെ മഴച്ചാലുകൾ നീന്തി സ്കൂളിൽ പോകണം.

അലമാരിയിൽ നിന്ന് ആരും കാണാതെ (അത് കട്ടെടുക്കലല്ല) ചില്ലറയെടുത്ത് (അല്ലെങ്കിൽ പെറുക്കിയെടുക്കുന്ന കശുവണ്ടികളിൽ കുറച്ച്

സ്വകാര്യമായി സൂക്ഷിച്ച് അത് കൊടുത്തും) ചക്കര മിഠായി, പാക്കററ് അച്ചാർ, ഐസ്, ഉപ്പിലിട്ട മാങ്ങ ഇതൊക്കെ വാങ്ങി നുണഞ്ഞ് രസിക്കണം.

പറങ്കിമാവിൻ കൊമ്പിലിരുന്ന് പരീക്ഷയ്ക്ക് പഠിക്കണം.

ക്യാമ്പസിൽ വിലസി നടക്കണം. പ്രണയ നോട്ടങ്ങളെ



ക ണ്ടില്ലെന്ന് നടിച്ച് തലവെട്ടിച്ചു നടക്കണം.

ബ്ളാക്ക്ബോർഡിലെ പ്രണയാഭ്യർത്ഥന കണ്ട് ഉള്ള് കുളിരണം.

ചില 'ഇഷ്ടങ്ങൾ' രഹസ്യമായി കൊണ്ട് നടക്കണം.

കോളേജ് വരാന്തയിലൂടെ മുദ്രാവാക്യം വിളിച്ച് ജാഥയിൽ പങ്കെടുക്കണം. കുട്ടിനേതാക്കളുടെ പ്രസംഗം കേട്ട് ആവേശം കൊള്ളണം.

ക്ളാസ്സ്കട്ട് ചെയ്ത് വെറുതെ നടക്കണം.

നിർത്താതെ പോകുന്ന ബസ്സിലെ 'കിളി'ക്ക് ചേതമില്ലാത്ത ചിരി കൊടുത്ത് സിംഗിൾബെല്ലടിപ്പിച്ച്ബസ്സ്നിർത്തിക്കണം.

ഉത്സവപ്പറമ്പുകളിലുംതെയ്യപ്പറമ്പുകളിലും കടക്കണ്ണെറിഞ്ഞ് നടക്കണം.

ചെറുപ്പക്കാരുടെ നോട്ടങ്ങളും കമന്റുകളും എനിക്കു നേരെയാണെന്ന (തെറ്റി) ധാരണയോടെ നടക്കണം.

പരീക്ഷാപേടിയും റിസൾട്ടിന്റെ ആധിയും ഒടുവിലുള്ള ആശ്വാസവും അറിയണം.

ഓട്ടോഗ്രാഫെഴുതി കണ്ണീരോഴുക്കി ക്യാമ്പസിനോടും വിട പറയണം.

നാണം,ആശങ്ക,സന്തോഷംഅങ്ങനെയെന്തൊക്കെയോ വികാരങ്ങളോടെ കല്ല്യാണപ്പന്തലിൽ നിൽക്കണം.

അനുരാഗമറിയണം. രതി അറിയണം. ഉടലാഴങ്ങൾ അറിയണം.

മുലപ്പാൽ മണമുള്ള ഇളം പുഞ്ചിരി കണ്ട് നിർവൃതിയടയണം.

വീടിന്റെ അച്ചുതണ്ടാകണം. സൗഹൃദങ്ങളുടെ അറ്റുപോകാത്ത കണ്ണിയാകണം.

**ബാക്കി പേജ് 51 – ൽ**

ലേഖനം

അമൃത വിജയൻ



# കൊറോണ നൽകുന്നത്
# കരുതലിന്റെ ജീവിത പാഠം

മനുഷ്യൻഅവന്റെജീവൻ രക്ഷിക്കുന്ന തത്രപ്പാടിലാണ്. അനിശ്ചിതത്വത്തിന്റെ നാളുകളിലൂടെ കടന്നുപോകുമ്പോൾ കൊറോണ മനുഷ്യാവസ്ഥയ്ക്കുമേൽ സ്ഥാപിച്ചിട്ടുള്ളത് നീണ്ടുനിൽക്കുന്ന ഒരുഭീതികാലമാണ്. അതിന്റെ ദൈർഘ്യംഎത്രയെന്ന്ഇപ്പോഴാർക്കുംപ്രവചിക്കാൻപറ്റുന്നില്ല.എന്നാൽ,കൊറോണാനന്തരകാലം ഭൂതകാലത്തിന്റെ വെറും തുടർച്ചയാവില്ലെന്ന് ഉറപ്പായി പറയാം. കാലമെന്നത് മനുഷ്യകുലത്തിന് മറ്റേത് ജീവിയെക്കാളും പരമപ്രധാനമാണ്. അതിസൂക്ഷ്മമായ,സങ്കീർണ്ണമായഗണനയിലൂടെയാണ്അത്മുന്നോട്ടുപോകുന്നത്.സഞ്ചാരംനിലച്ച്വീട്ടിലൊതുങ്ങി മാസ്കണിഞ്ഞഈനിശ്ചലകാലംതാൽക്കാലികമാണെന്ന വിചാരമാണ് കൊറോണകാലത്തെപ്രതീക്ഷാനിർഭരമാക്കുന്നത്.

പ്രളയംതുടങ്ങിയപ്രകൃതിദുരന്തങ്ങളിൽനിന്നുംവ്യത്യസ്തമായിമനുഷ്യജീവിതംസമ്പൂർണ്ണമായുംഏകാന്തവൽക്കരിക്കപ്പെടുന്നുവെന്നതാണ്കൊറോണക്കാലത്തിന്റെസവിശേഷത.ഏതാനുംദിവസത്തേക്കുള്ള ദുരിതമാണ് പ്രളയത്തി



**നമ്മിലൊതുങ്ങുന്ന നിറങ്ങൾ :** വടക്കൻ ഇറ്റലിയിലെ ലൊമ്പാർഡിയിലുള്ള സാൻ ഫിയൊറാനോ പട്ടണത്തിലെ വീട്ടിൽ ക്വാറന്റീനിൽ കഴിയുകയാണ് സ്കൂൾ അദ്ധ്യാപകൻ ടോണിയോലോയും കുടുംബവും. സമയം കൊല്ലാനായി പുറത്തിറങ്ങാനോ കുട്ടികാർക്കൊപ്പം കൂടാനോ അനുവാദമില്ലാത്തതിനാൽ ടോണിയോലോയുടെ കാലിൽ നെയിൽ പോളിഷ് ഇട്ടുകൊടുക്കുകയാണ് രണ്ടു വയസ്സുകാരി ബിയാൻക. ടോണിയോലോ തന്നെ പകർത്തിയ ചിത്രത്തിൽ ഭാര്യ ചിയാര പുറത്തേക്ക് നോക്കിയിരിക്കുന്നതും കാണാം.

കടപ്പാട് : റോയിട്ടേഴ്സ്

ന്റേത്.സഞ്ചാരസ്വാതന്ത്ര്യം കുറച്ച് ദിവസത്തേക്ക് പരിമിതപ്പെടുമായിരിക്കും.മറ്റുക്ളേശങ്ങളൊന്നുംകാര്യമായി അനുഭവപ്പെടുന്നില്ല.കൊറോണയെന്നമഹാമാരിയാകട്ടെ അതിദീർഘമായ ഏകാന്തവാസമാണുണ്ടാക്കുന്നത്. ഇന്റർനെറ്റ്, ടെലിവിഷൻ, മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക മാധ്യമ സംവിധാനങ്ങൾ ലോകത്തെ വീട്ടിലേക്കാനയിക്കുകയുംവീട്ടിനുപുറത്തേക്കുള്ളഭാവനാ യാത്രകൾ സാധ്യമാക്കുകയും ചെയ്യുന്നുണ്ട്. അപ്പോഴും പഴയ ചലനാത്മകലോകത്തേക്ക്മടങ്ങിപ്പോകണമെന്നആഗ്രഹംബാക്കിയാവുകയാണ്. ആ ആഗ്രഹമാണ് ഈ നിശ്ചലകാലത്തെ അതിജീവിക്കാൻ ഓരോരുത്തരെയും പ്രേരിപ്പിച്ചുകൊിരിക്കുന്നത്.

കൊറോണക്കാലത്തിനു ശേഷം മനുഷ്യർക്ക്നഗരങ്ങളിലുംകച്ചവടകേന്ദ്രങ്ങളിലും ഓഫീസുകളിലും മാത്രമല്ല സഞ്ചരിക്കാനുള്ളത്.വനാന്തർഭാഗങ്ങളിലേക്കുംകടൽക്കരയിലേക്കുംമലമുകളിലേക്കും യാത്ര പോകേണ്ടതുണ്ട്. കാറ്റുകൊള്ളാൻകടൽക്കരയിലെത്തുന്നവർക്ക്കടലകൊറിക്കാൻകടലവില്പനക്കാരൻഎത്തേണ്ടതുണ്ട്. അതിഥിത്തൊഴിലാളികൾഅതതുദിവസത്തെ അന്നത്തിനുവേണ്ടിപീടികവരാന്തകളിൽ നിരന്നു നില്ക്കേണ്ടതുമുണ്ട്.

പ്രതിസന്ധികളെയുംഅനിശ്ചിതത്വത്തെയുംതരണംചെയ്ത്നാംജീവിതത്തിലേക്ക് തിരിച്ച് വരണം. അതിന് ആറ് മാസമോ ഒരു കൊല്ലമോ ഒരുപക്ഷേ, അതിലധികം കാലമോ വേണ്ടിവന്നേക്കാം. നമുക്ക് കാത്തിരിക്കാം; അതിജീവിക്കാം.

•

## കണ്ണപുരം ഗ്രാമപഞ്ചായത്ത് പുതിയ ഭരണ സാരഥികൾ




8ാം വാർഡ്
സഃകെ.രതി

### പ്രസിഡണ്ട്



1ാം വാർഡ്
സഃഎം.ഗണേശൻ

### വൈസ് പ്രസിഡണ്ട്



2ാം വാർഡ്
സഃഎ.വി.പ്രഭാകരൻ



3ാം വാർഡ്
സഃഇ.ടി.ഗംഗാധരൻ



4ാം വാർഡ്
സഃഒ.മോഹനൻ



5ാം വാർഡ്
സഃഒ.വി.വിജയൻ



6ാം വാർഡ്
സഃവി.വി.പുഷ്പവല്ലി



7ാം വാർഡ്
സഃപി.വിദ്യ



9ാം വാർഡ്
സഃവി.വി.പുഷ്പവല്ലി



10ാം വാർഡ്
സഃകെ.രമേശൻ



11ാം വാർഡ്
സഃടി.വി.രാജമണി



12ാം വാർഡ്
സഃവി.നീന



13ാം വാർഡ്
സഃകെ.രാഘവൻ



14ാം വാർഡ്
സഃവി.വിനീത

കവിത
ദിഷാൽ യു.



# മഹാമാരി



മാരിപെയ്തിറങ്ങും മുൻപേ മഹാ-
മാരി വന്നു പതിച്ചു ഭൂവിൽ
കാശുമാത്രം മതിയെന്നഹങ്കാരം
കാറ്റിൽപ്പറന്നതും കണ്ടു മാലോകർ.

മാമ്പഴം കാത്തുവച്ചിട്ടും കണ്ടില്ല
ഊഞ്ഞാലാടുവാനാരെയും കണ്ടില്ല
മാവിൻ മുത്തശ്ശി കാത്തിരിപ്പൂ.

കലപില കൂട്ടുന്ന കിളികളറിഞ്ഞില്ല
പൂക്കളും പൂമ്പാറ്റയുമൊന്നുമറിഞ്ഞില്ല
കുഞ്ഞുങ്ങളാരും പുറത്തിറങ്ങാത്തതും
മഹാമാരിയെ തൂത്തുകളഞ്ഞിടാനായ്
മാലോകരൊറ്റക്കെട്ടായി നിന്നതും.

●



കഥ

വിസ്മയ സജിത്ത്

# യക്ഷി




ഇരുട്ടാണെങ്കിലും എനിക്കെന്റെ ലക്ഷ്യസ്ഥാനം വ്യക്തമായി കാണാമായിരുന്നു. ഒരു സായാഹ്നത്തിൽ ഞാൻ കണ്ടെത്തി മറ്റൊരു സായാഹ്നത്തിൽ എന്നെ തനിച്ചാക്കിയ ആ കരിനീലക്കണ്ണുകൾ. അവൾ എന്നുമെനിക്കൊരുകൂട്ടായിരുന്നു.വാലിട്ടെഴുതിയകരിനീലക്കണ്ണുകളും മുട്ടോളമെത്തുന്ന ചുരുൾ മുടിയും അവളുടെ അഴകാണ്. എനിക്ക് കൂട്ടായ അവൾ ആരെന്നോ എന്തെന്നോ എനിക്കറിയില്ല.

ഞാൻ കണ്ടുകൊണ്ടിരുന്ന ലക്ഷ്യത്തെ ഞാനിപ്പോൾ കാണുന്നില്ല. ഇതുവരെ എനിക്ക് വഴി കാണിച്ച നിലാവിനെയും ഞാൻ കാണുന്നില്ല.എവിടെനിന്നോകുളിർകാറ്റ്ഒഴുകി വന്നു. അത് എന്റെ നീണ്ട മുടിയിഴകളെ ഒന്നിളക്കി.കാട്ടുമുല്ലകളുടെയുംപാലപ്പൂവിന്റെയും ഗന്ധം ഈ കാറ്റ് കൊണ്ടുവന്നതാകണം. പതിയെ ചന്ദ്രൻ അവിടെയ്ക്ക് എത്തിനോക്കി. എന്റെ പരിസരം ഞനൊന്ന് വീക്ഷിച്ചു. സൂര്യചന്ദ്രന്മാർ വരെ വരാൻ ഭയപ്പെടുന്ന നാഗകാവാണത്. എന്റെ ഉള്ളം ഒന്നു പിടച്ചു. പെട്ടെന്ന്, ആ കരിനീലക്കണ്ണുകൾ എന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ടു. എന്റെ ഉള്ളിലെ ഭയത്തെ ഇല്ലാതാക്കാൻ അതു മതിയായിരുന്നു.

ആ കണ്ണുകൾ, അവ എന്നോടു എന്തോ ആവശ്യപ്പെടുന്നു. പെട്ടെന്ന് എന്റെ മനസ്സിന് എന്റെശരീരംഭാരമായിതോന്നി.എന്റെമനസ്സിന് ഇനിയും എന്റെ ശരീരത്തെ താങ്ങാനാവില്ല. എല്ലാം അവസാനിക്കുന്നു. ഈ നിമിഷം ഞാൻ തിരിച്ചറിയുന്നു, ഇത് അവളാണ്. ആരും ഭയക്കുന്ന നാഗകാവിന്റെ കാവൽക്കാരി. ....യക്ഷി.

•



ലേഖനം

ശ്രീദർശന പി.



# കൊറോണാനന്തര ലോകം

കോവിഡ് 19 എന്ന മഹാമാരി ഈ ലോകത്തെമുഴുവനും പ്രതിസന്ധിയിലാക്കി. കൊറോണ വൈറസ് ആദ്യമായി റിപ്പോർട്ട് ചെയ്ത പട്ടണം വുഹാനാണ്. അങ്ങനെ രാജ്യങ്ങളിൽ നിന്ന് രാജ്യങ്ങളിലേക്ക് ഈ വൈറസ് പടർന്നു. ഇത് നമ്മുടെ തലമുറയുടെ ഏറ്റവുംവലിയ പ്രതിസന്ധിയാണ്. പക്ഷെഈ മഹാമാരികൊണ്ട് നമുക്ക് ഗുണങ്ങളും ഉണ്ടായിട്ടുണ്ട്.ആ ഗുണങ്ങൾവരുംകാല തലമുറയ്ക്ക്പ്രയോജനപ്പെടും.മിക്കവരുടെയുംജീവിതരീതിൽ തന്നെയുംകൊറോണ എന്നമഹാമാരിമാറ്റിയെടുത്തു.

യുവചേതന ചെമ്മരവയൽ നടത്തിയ ഓൺലൈൻ ഓണാഘോഷ പരിപാടിയിൽ ഒന്നാം സ്ഥാനം നേടിയ ഉപന്യാസം

ലോകത്തിലെ മിക്ക രാജ്യങ്ങളിലും മനുഷ്യർ ശരിയായ ശുചിത്വംപാലിക്കാൻതുടങ്ങി.ലോക്ഡൗൺ മൂലം അനാവശ്യ ചടങ്ങുകളും യാത്രകളും നിയന്ത്രിക്കാൻ തുടങ്ങി. ഇപ്പോൾ നിയമം ലംഘിക്കുന്നവർക്ക് കടുത്തശിക്ഷയാണ്നടപ്പിലാക്കിയിട്ടുള്ളത്. ഇനിയുള്ള കാലഘട്ടങ്ങളിൽ ഓരോ ഓർഗനൈസേഷനും വീട്ടിൽ നിന്നും ജോലിചെയ്യാനുള്ളഒരു ഓപ്ഷൻഉണ്ടാകും. അങ്ങനെ പ്രത്യേക കഴിവുള്ളവരോ അല്ലെങ്കിൽ വിദൂര സ്ഥലം കാരണം അല്ലെങ്കിൽ ഏതെങ്കിലുംകാരണത്താൽഓഫീസിൽ ചേരാൻകഴിയാത്തവർക്ക്അവരുടെവീട്ടിലുള്ളസുഖസൗകര്യങ്ങളിൽ നിന്ന് പ്രവർത്തിക്കാൻ കഴിയും. നമ്മുടെ ജീവിതത്തിലെ ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസസമ്പ്രദായങ്ങൾഎന്നിവയിൽ മാറ്റം വരികയും ചെയ്തു. ഈ സമ്പ്രദായങ്ങൾ ഇനി അങ്ങനെതന്നെമുന്നോട്ടകൊണ്ടുപോകാൻമിക്കവെരുംപ്രപ്തരായിക്കഴിഞ്ഞു. നമ്മൾ സാമൂഹ്യ അകലത്തിൽശ്രദ്ധകേന്ദ്രീകരിക്കാൻ തുടങ്ങി. വിദ്യാഭ്യാസ മേഖലയിലും സമാനമായ ഡിജിറ്റൽമാറ്റങ്ങൾനിരീക്ഷിക്കപ്പെടുന്നു.ഓൺലൈൻമോഡലുകൾ ഇതിനകം തന്നെ പ്രചാരം നേടിക്കഴിഞ്ഞു.പ്രൈമറി വിദ്യാഭ്യാസ രംഗത്ത്ചില പ്രശ്നങ്ങൾ ഉണ്ടെങ്കിലും വിദൂര പഠന കോഴ്സുകളിൽ ഇതിന്റെ സാധ്യത വലുതാണ്. ഇത്തരം മാറ്റങ്ങൾ അദ്ധ്യാപകരുടെയുംവിദ്യാർത്ഥികളുടെയും ഐടിപരിജ്ഞാനംവർദ്ധിപ്പിക്കാൻ സഹായിക്കും.ഓൺലൈൻസേവനങ്ങൾവരുംകാലങ്ങളിൽഎങ്ങനെഉപയോഗിക്കാം എന്ന് നാം പഠിച്ചു തുടങ്ങി. ഈ മഹാമാരിയിൽ പല സർക്കാരുകളും

രോഗബാധിതരെ ണ്ടെത്താൻ പുതിയ സാങ്കേതിക വിദ്യകളെയാണ് ആശ്രയിക്കുന്നത്. ഒരു തരത്തിൽ നോക്കിയാൽ നമ്മുടെ ജീവിതത്തെ ഉയർത്തുവാനും കോവിഡ് വൈറസ് എന്ന മഹാമാരി സഹായിച്ചു.

ലോകത്തിന്റെ പല ഭാഗങ്ങളിലും ലോക്ഡൗൺ മൂലം പലരും കാർഷിക മേഖലയിൽ ചുവടുറപ്പിക്കാൻ തുടങ്ങി. സമ്പദ്‌വ്യവസ്ഥയിൽവലിയതകർച്ചയാണ് ഉ ണ്ടായിട്ടുള്ളത്. പുതിയ സാങ്കേതികവിദ്യയുടെസാഹായത്തോടെഉല്പാദനത്തോത്‌വർദ്ധിപ്പിച്ച്ഈതകർച്ചയെമറികടക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കാം.


**ഏപ്രിൽ മാസത്തെ ലോക്ഡൗൺ കാലത്ത് സൗത്താഫ്രിക്കയിലെ ക്രോഗർ നാഷണൽ പാർക്കിലെ സിംഹങ്ങൾ സഞ്ചാരികളൊഴിഞ്ഞ റോഡിൽ പകൽ സമയത്ത് ഉറങ്ങുന്നത് പതിവു കാഴ്ചയാണ്.**



നമ്മളിൽ മിക്കവരും ഇപ്പോൾ വീട്ടിൽ പൂട്ടിയിടപ്പെട്ട അവസ്ഥയിലാണുള്ളത്. അതുകൊണ്ട്കുടുംബാംഗങ്ങളുമായി ഒത്തുകൂടാൻ നമുക്ക് കൂടുതൽ സമയം കിട്ടുന്നു. ജോലി, പഠനം തുടങ്ങി ജീവിതത്തെ ചുറ്റിപ്പറ്റിയുള്ള വലിയതിരക്കുകൾഇപ്പോൾഅവസാനിച്ചിരിക്കുകയാണ്.കുട്ടികളുടെകൂടെകൂടുതൽസമയംചെലവഴിക്കാൻരക്ഷിതാക്കൾക്ക്സാധിക്കുന്നുഈപുതിയകാലത്തെമക്കൾവീട്ടിലെഅമ്മമാരോടുംബന്ധുക്കളോടുംസംസാരിച്ച് അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും പരസ്പരംകൈമാറുന്നു.ഇതഅവമൊനസികതളർച്ചയിൽനിന്നുംമോചിതരാക്കുന്നു.


നമ്മൾ സാനിറ്റൈറും മാസ്ക്കുകളും ഉപയോഗിച്ച് ശുചിത്വമുള്ളവരായി മാറുന്നു. ഈ ലോക്ഡൗൺ കാലം ആഗോളതാപനം നിയന്ത്രിക്കാൻ സഹായകമായിട്ടുണ്ട്. എല്ലാവരും യാത്ര കുറച്ചതുകൊണ്ട് വാഹനങ്ങളുടെ ഉപയോഗം കുറഞ്ഞു. അതുമൂലം കാർബൺഡൈഓക്സൈഡിന്റെഉത്സർജ്ജനംവളരെകുറഞ്ഞു.അങ്ങനെമനുഷ്യനുൾപ്പെടെയുള്ളജീവജാലങ്ങൾക്ക് ശ്വസിക്കുവാൻശുദ്ധവായുകിട്ടിത്തുടങ്ങി. ഇത് നമ്മുടെ ഇനിയുള്ള ഈ ലോകത്തിന്റെ ശരാശരി താപനില കുറയ്ക്കാനും സഹായിക്കും. ആഗോളതാപനത്തിൽ നിന്നും വരുന്ന അസുഖങ്ങൾഇപ്പോൾവിട്ടുമാറുകയാണ്.മനുഷ്യർവീടുകളിൽമാത്രംഒതുങ്ങുമ്പോൾ മൃഗങ്ങൾക്ക് ആവശ്യമായ ഇടവും ലഭിക്കുന്നുണ്ടെന്ന് ഉദ്യോഗസ്ഥർ പറയുന്നു.

ഈ ലോക്ഡൗൺ കാലത്തിൽ, പരിമിതമായ വിഭവങ്ങൾ എങ്ങനെ ഉപയോഗിക്കാമെന്ന് മിക്കവരും മന



**തിരുവന്തപുരം വലിയ പൂന്തുറ ഗവ: യു.പി. സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പിൽ ഒരു വർഷമായി താമസിക്കുന്ന അന്തേവാസിയാണ് ബി. എസ്. സഞ്ജന. ഒന്നാം ക്ളാസ്സുകാരിയായ അവൾ തറയിൽ കിടന്ന് പൊട്ടിപ്പൊളിഞ്ഞ ടെലിവിഷൻ നോക്കി ഓൺലൈൻ ക്ളാസ്സിൽ പങ്കെടുക്കുകയാണ്. കടലാക്രമണത്തെത്തുടർന്ന് വീട് നഷ്ടമായ സഞ്ജനയ്ക്ക് സ്കൂൾ തുറന്നാലും സ്കൂൾ തന്നെയാവും വീട്.**

സ്സിലാക്കിത്തുടങ്ങി.നമ്മുടെചുറ്റുപാടുകളിലുമുള്ളഭൂവിഭവങ്ങൾ നാം കുറെ നാളുകളിലായിഅമിതമായിഉപയോഗിക്കുകയായിരുന്നു.പക്ഷെലോക്ഡൗൺ തുടങ്ങിയപ്പോൾമനുഷ്യർഭൂവിഭവങ്ങൾ അമിതമായി ഉപയോഗിക്കാതെയായി. അതുവഴിനമ്മുടെഭൂവിഭവങ്ങൾസംരക്ഷിക്കപ്പെടുന്നു.ഈ ഭൂവിഭവങ്ങൾ വരും തലമുറയ്ക്ക് ഉപയോഗിക്കുവാൻ പറ്റും.



ഇതിൽനിന്നുംനമുക്ക്ഭീഷണിയായിട്ടുള്ള കോവിഡ്19 ലോകത്തെസംരക്ഷിക്കുന്നുവെന്നും സ്വയംസംരക്ഷിക്കുന്നതെങ്ങനെയെന്നും പഠിപ്പിച്ചു തരുന്നു. കോവഡ് മഹാമാരി, തീർച്ചയായും,അസ്വസ്ഥമായഅനുഭവങ്ങൾ ഉണ്ടാക്കുന്നുവെന്നത് ശരിയാണ്. കോവിഡ് വൈറസിന്റെ വ്യാപനം അതിന്റെ പാതകളിൽ അറസ്റ്റ്ചെയ്യപ്പെടുംഎന്നുതന്നെയാണ്പ്രതീക്ഷിക്കുന്നത്.അപ്പോൾനാംപഴയജീവിതരീതിയിലേക്ക്തിരിച്ചുപോകരുത്.ശുചിത്വം പാലിക്കുകയുംപ്രകൃതിസംരക്ഷണപ്രവർത്തനങ്ങഴിൽഏർപ്പെടുകയുംവേണം.പലതെറ്റുകളുംസ്വയംതിരുത്തുവാൻപ്രകൃതി നല്കിയഒരവസരമാഈമഹാമാരിയെ കരുതുക.

●

---

## ഞാൻ - തുടർച്ച

അപ്പോഴുംമനസ്സിൽമായാത്തഓർമ്മകളുംവറ്റാത്തസ്നേഹവുംപ്രണയവുംഇനിയുംഒരങ്കത്തിന്ബാല്യമുണ്ടെന്നവിശ്വാസവുംഉണ്ടാവണം - ഇപ്പോഴുള്ളതുപോലെ.


അങ്ങനെ എത്രയെത്ര ജന്മമുണ്ടെങ്കിലും വീണ്ടും വീണ്ടും ഞാനായിത്തന്നെ...

●

കവിത

ശ്രീലക്ഷ്മി ശശിധരൻ





# CRUCIFIXION

I was given a cross
As a reward,
For I pitied them.

An even bigger cross
As a reciprocated love.
The cross became heavier
As I walked forth.
I began to torn
By the weight and pain.

Now,
Nails pierced
Into my flesh,
Through the hands,
Legs and finally
Through my tensed temple.
Could you listen to my screams ?

Now that I became
The king of you
The iron minded
Wearing the crown
Of thorns.

# ചിത്രശാല






ചിത്രശാല

പെയിന്റിങ് : ഷംന അരുൺ





ചിത്രശാല

വര : സിതാര എം.

iStock by Getty Images

# ചിത്രശാല





ചിത്രശാല

പെയ്ന്റിങ് : ശ്രീദർശന പി,





ചിത്രശാല

പെയ്ന്റിങ് : നിവേദ്യ രഞ്ചിത്ത്

കവിത

വിഷ്ണു പ്രസാദ്

# എട്ടര





സൂര്യൻ കത്തിജ്ജ്വലിക്കുന്നു
ഭൂമി ഉറയാതെ നിലനിർത്തുന്നു ജീവൻ
ഒരിക്കൽ സൂര്യൻ തന്റെ എക്സ്പയറി ഡേറ്റ്
താണ്ടുന്ന ദിവസം, ജ്വാല അസ്തമിക്കും
ഭൂമി തണുത്തുറയും, വെളിച്ചമില്ലാതെ
ജനം വലയും, മനുഷ്യനിർമ്മിത വെളിച്ചങ്ങളുടെ
ജ്വാലകൾ പതിയെ ഇല്ലാതാകും
അതിനും മുന്നേ ഒരുപാട് പേർ
ഭീതി മൂത്താത്മഹത്യ ചെയ്യും
ഭീതി കാരണം സ്വയം മരിച്ചു വീഴും
മറ്റു ചിലർ
ഹാ, കഷ്ടമേ എന്ന് ഞാൻ ഏവരേയും
നോക്കി നെടുവീർപ്പിടും, മരണം
ദിവസങ്ങൾകൊണ്ട് ഒരു തടിയനാകും
കൊഴുത്തുതടിച്ച് മരണം എന്റെ വീട്
കടന്ന് പോകുമ്പോൾ, അവന്റെ മുഖത്തെ
സന്തോഷം കണ്ട് കിണറ്റിൽ നിന്ന്
വെള്ളം കോരുകയായിരിക്കും ഞാൻ.
എല്ലാവരും മടങ്ങി, മരണം പോലും മടങ്ങി
ചത്ത് ജീവിക്കുന്ന, അതിജീവിച്ച
എട്ടര മനുഷ്യർ ചാവാതിരിക്കുമ്പോൾ
ഞാൻ കുഞ്ഞിരാമേട്ടന്റെ കടയിൽ പോയി
ഒരു നൂറിന്റെ ബൾബ് വാങ്ങും.
എന്നിട്ട് ഫ്യൂസ് ആയ സൂര്യന്റെ
പഴയ ബൾബ് അങ്ങ് മാറ്റും.

●

# മഹാമാരി

ലോകം ഇപ്പോൾ കൊറോണയുടെ പിടിയിലാണല്ലോ. 2019 ഡിസംബറിൽചൈനയിലെവുഹാനിലാണ്രോഗംആദ്യമായിറിപ്പോർട്ട്ചെയ്യപ്പെട്ടത്.ഇന്ന്എല്ലാ ഭൂഖണ്ഡങ്ങളിലുമായി 124 രാജ്യങ്ങളിൽ കൊറോണ പടർന്നുപിടിച്ചിട്ടുണ്ട്. പതിനാലുലക്ഷത്തോളംപേർമരണപ്പെട്ടു.ഈസാഹചര്യത്തിലാണ് ലോകാരോഗ്യ സംഘടന കൊറോണ (കോവിഡ് 19) യെആഗോളമഹാമാരിയായി പ്രഖ്യാപിച്ചത്. ഇതുപോലുള്ള ഒരു മഹാമാരി ഇതിനുമുമ്പൊരിക്കലും നമ്മൾ കണ്ടിട്ടില്ലെന്നാണ് ലോകാരോഗ്യ സംഘടനയുടെ തലവൻ ടെഡ്രോസ് അധനോം ഗബ്രേയസസ് പറഞ്ഞത്.

ഒരു രോഗത്തെ മഹാമാരിയായി പ്രഖ്യാപിക്കുന്നത് ലോകാരോഗ്യ സംഘടന (WHO)യാണ്. രോഗികളുടെ എണ്ണം വളരെ പെട്ടെന്ന് വർദ്ധിക്കുകയും ഒരാളിൽ നിന്ന് രോഗം ഒരു സമൂഹത്തിലേക്കും വിവിധ രാജ്യങ്ങളിലേക്കും പടരുന്ന സാഹചര്യത്തിലാണ് ഒരു രോഗത്തെ മഹാമാരി (Pandemic)യായി കണക്കാക്കുക. (Pandemos എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് Pandemicഎന്ന പദമുണ്ടായത്. Pan=All,Demos = People, Pandemos=All people). അതിരുകളില്ലാതെയുള്ള വളരെ വേഗത്തിലുള്ള വ്യാപനമാ



**യൂറോപ്പിൽ 1918 ൽ ആരംഭിച്ച സ്പാനിഷ് ഫ്ളൂ എന്ന മഹാമാരി ലോകത്താകമാനം 50 കോടിയിലേറെപ്പേരെ ബാധിച്ചു. രോഗം പിടിപെട്ട് മരിച്ചയാളുടെ മൃതദേഹം കൊണ്ടുപോകുന്ന അമേരിക്കൻ റെഡ്ക്രോസ് പ്രവർത്തകർ.**

ണ് മഹാമാരിയുടെ അടിസ്ഥാന സ്വഭാവം. അല്ലാതെ മരിച്ച രോഗികളുടെ എണ്ണമോ വ്യാപനമുണ്ടായ രാജ്യങ്ങളുടെ എണ്ണമോ നോക്കിയല്ല മഹാമാരിയായി കണക്കാക്കുന്നത്. 2002-ൽ 26 രാജ്യങ്ങളിൽ വ്യാപിച്ച സാർസ് രോഗം മഹാമാരിയായില്ല. കാരണം അതിന്റെ വ്യാപനം വളരെ പെട്ടെന്നുതന്നെ ഇല്ലാതായി.

കോവിഡ് 19 ലോകത്തിലെ ആദ്യത്തെ മഹാമാരിയല്ല. വസൂരി, കോളറ, അന്റോണിയൻ പ്ളേഗ് (എ.ഡി. 165-180), ജസ്റ്റീനിയൻ പ്ളേഗ് (എ.ഡി. 541-542), കറുത്ത മരണം (1346-1353), സ്പാനിഷ് ഫ്ളൂ (1918-20), ഏഷ്യൻ ഫ്ളൂ (1956-58), ഹോങ്കോങ് ഫ്ളൂ (1968), എച്ച്.ഐ.വി , പന്നിപ്പനി, എബോള (2014-16), തുടങ്ങിയ രോഗങ്ങൾ ലോകത്തെ പിടിച്ചു കുലുക്കിയ മഹാമാരികളാണ്. ഇതിൽ ഏറ്റവും ഭീകരം കറുത്ത മരണം എന്നറിയപ്പെടുന്ന പ്ളേഗാണ്. 20 കോടിയോളം പേർ മരണപ്പെട്ടിട്ടുണ്ടാകുമെന്നാണ് കരുതുന്നത്.

എല്ലാ മഹാമാരികളെയും മനുഷ്യൻ അതിജീവിച്ചു. കോവിഡ് 19-നെയും അതിജീവിക്കും. ശാസ്ത്രമാണ് അവന്റെ തുണയും കരുത്തും. കോവിഡ് 19 നെ പ്രതിരോധിക്കാനുള്ള വാക്സിൻ കണ്ടുപിടിക്കാനുള്ള നിതാന്ത പരിശ്രമത്തിലാണ് നാമിപ്പോൾ. തീർച്ചയായും ശാസ്ത്രം അവനെ രക്ഷിക്കുമെന്ന് വിശ്വസിക്കാം. അതുകൊണ്ടാണ് 2020 ലെ ലോകശാസ്ത്ര ദിനത്തിന്റെ പ്രതിജ്ഞയായി 'ആഗോള മാഹാമാരി നേരിടുന്നതിൽ സമൂഹത്തിനൊപ്പം നിൽക്കുന്ന ശാസ്ത്രം' (Science for and with society in dealing with the globel pandemic) എന്ന് പ്രഖ്യാപിച്ചത്.

•




സ്പാനിഷ് ഫ്ളൂ : ഒരു ആസ്പത്രി രംഗം


# കോവിഡ് കോറിയിട്ട ചിത്രങ്ങൾ




ജനതാ കർഫ്യൂവിൽ ആളൊഴിഞ്ഞ ഇന്ത്യാഗേറ്റ് – ന്യൂഡൽഹി.



കോവിഡ് വ്യാപനത്തെത്തുടർന്ന് അടച്ചിടൽപ്രഖ്യാപിച്ചതോടെജനശൂന്യമായഅറേബ്യൻനഗരമായജിദ്ദയിലെ പ്രധാനമായ നഗരവീഥികോളിലൊന്ന്.



ലോക്ഡൗൺ കാലത്ത് വിജനമായ റെയിൽവേ സ്റ്റേഷനിലെ ഒന്നാം നമ്പർ പ്ളാറ്റ് ഫോമിൽ പ്രത്യക്ഷപ്പെട്ട കാലിമുണ്ടി.




കാടും നാടും കടന്ന് മയിലുകൾ ഇപ്പോൾ നഗരങ്ങളിലുംഎത്തിത്തുടങ്ങി.ലോക്ഡൗൺകാലത്ത്കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ എത്തിയ ആൺമയിൽ.



ബ്രിട്ടണിലെടിക്കൻഹാമിൽലോക്ഡൗണിൽകഴിയുന്നകുട്ടികളെ സന്തോഷിപ്പിക്കാൻ വീടുകളിലെത്തിയആനി എന്ന കുതിരയും സംരക്ഷക ഡെയ്സിയും. 'ടൈനി പോണി അറ്റ്യുവർവിൻഡോ' എന്ന പരിപാടിയുടെ ഭാഗമായാണിത്



ഞാനില്ലെ കൂടെ? ബ്രിട്ടണിൽ കോവിഡ് ബാധിച്ച് മരിച്ച സോണിയ കെയ്ഗൻ എന്ന യുവതിയുടെ അമ്മ വിലപിക്കുന്നു. അമ്മ മരിച്ചതറിയാതെ മുത്തശ്ശിയുടെ കണ്ണീർ തുടക്കുകയാണ് സോണിയുടെ മൂന്ന് വയസ്സുകാരി മകൾ ആയ്സി.

# വായനശാല പ്രതിമാസപരിപാടികളിലൂടെ 2019-20



ആരോഗ്യ ബോധവൽക്കരണ ക്ലാസ്സ്



സൂര്യദർശിനി നിർമ്മാണം



മെഡിക്കൽക്യാമ്പ് ഉദ്ഘാടനം



മെഡിക്കൽ ക്യാമ്പ്



ബാലവേദികുട്ടികൾക്ക
വലയസൂര്യഗ്രഹണ ക്ലാസ്സ്



ബാലവേദികുട്ടികൾക്ക
വലയസൂര്യഗ്രഹണ ക്ലാസ്സ്



ക്രഷ് കുട്ടികളുടെ
'ഓണത്തുമ്പി' ഓണോത്സവം



ക്രഷ് കുട്ടികളുടെ
'ഓണത്തുമ്പി' ഓണോത്സവം

# പൊതുജനവായനശാല & ഗ്രന്ഥാലയം,

ചെമ്മരവയൽ, പി.ഒ. മൊട്ടമ്മൽ

രജി. നമ്പർ : 13 KNR 5707

e.mal : 13knr5707@gmail.com



## വായനശാല & ഗ്രന്ഥാലയം സവിശേഷതകൾ :

- 6000 - ത്തിലധികം വരുന്ന ഗ്രന്ഥശേഖരം
- ഡിജിറ്റൽ ലൈബ്രറി
- സ്മാർട്ട് ലൈബ്രറി
- കമ്പ്യൂട്ടറൈസ്ഡലൈബ്രറിമാനേജ്മെന്റ്
- ഇ. വിജ്ഞാനകേന്ദ്രം
- ഇ. സേവനകേന്ദ്രം
- പി. ആർ. ഡി. സഹായകേന്ദ്രം

## പ്രവർത്തിച്ചുവരുന്ന ക്ളബ്ബുകൾ

ബാലവേദി
വനിതാവേദി
വയോജനവേദി
നാട്ടറിവ് വേദി
ഫിലിം ക്ളബ്ബ്
ലിററി ക്ളബ്ബ്
പരിസ്ഥിതി ക്ളബ്ബ്

പ്രസിഡണ്ട്
കെ. സുരേന്ദ്രൻ

സിക്രട്ടറി
എം. ലക്ഷ്മണൻ